MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): But that is what he says.

PRESIDENT: What I understand from Mr. Jathavedan Namputiripad's statement is that one-half should go to the Illom and the other half to the wife and children whether it is caste wife and children or other wife and children. He thinks that the Illom must always have one-half of the property secured to it.

MR. A. THANU PILLAI (*Trivandrum*): Let us know what Mr. Jathavedan Namputiripad's idea is.

PRESIDENT: മി: ജാതവേതൻ നമ്പൂതിരിപ്പാട്, നിങ്ങളുടെ ഉദ്ദേശം നല്ലവണ്ണം വെളിവായിട്ടില്ല എന്ന ചില സാമാജികന്മാർ പറയുന്നുണ്ട്. ഒരാൾ വിൽപ്പത്രമെഴുതിവയ്ക്കാതെ മരിച്ചുപോകുന്നു; അയാൾക്കു ആൺമക്കളും വിധവയുമുണ്ട്; അയാളുടെ സ്വത്തിൽ ഒന്നുപകുതി എങ്ങനെയായാലും ഇല്ലത്തേയ്ക്കുകിട്ടണം. ബാക്കി ഒന്നുപകുതി സജാതീയഭാര്യയും സന്താനങ്ങളും, വിജാതീയഭാര്യയും സന്താനങ്ങളും ഉണ്ടെങ്കിൽ അവരും വീതിച്ചു എടുത്തുകൊള്ളണമെന്നാണോ നിങ്ങളുടെ അഭിപ്രായം?

MR. V. N. JATHA VEDAN NAMPUTIRIPAD (*Co-opted*): അതേ.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഒരു നായർ ഭാര്യ ഉണ്ടായിരുന്നാൽ ആ നമ്പൂതിരിയുടെ സ്വത്തിൽ ഒന്നുപകുതി ആ നായർഭാര്യക്കുപോകും. നായർ റജിസ്ട്രേഷൻ പാസാകുന്നതിനു മുമ്പേ നായർ സ്ത്രീയെ വിവാഹം കഴിച്ചിരുന്നാൽ നാലിൽഒന്നു നായർ ഭാര്യക്കുപോകും. ശേഷമേ ആ നമ്പൂതിരിയുടെ അവകാശികൾക്കു കിട്ടുകയുള്ളൂ.

MR. V. N. JATHA VEDAN NAMPUTIRIPAD (*Co-opted*): അവകാശികൾ എന്നല്ല ഞാൻ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അതുകൊണ്ട് ഒന്നുപകുതിയെപ്പറ്റി ചട്ടം ഉണ്ടാക്കാൻ നിവൃത്തിയില്ല. ശേഷമുള്ള ഒന്നുപകുതിയെ സംബന്ധിച്ചാണ് നോക്കേണ്ടതു്.

MR. V. N. JATHA VEDAN NAMPUTIRIPAD (*Co-opted*): ഒന്നുപകുതി ഇല്ലത്തേയ്ക്കുകൊടുക്കണമെന്നാണ് പറയുന്നതു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അപ്പോൾ സജാതീയഭാര്യക്കും മക്കൾക്കും ഒന്നും കിട്ടുകയില്ല.

MR. V. N. JATHA VEDAN NAMPUTIRIPAD (*Co-opted*): സജാതീയ ഭാര്യയും വിജാതീയഭാര്യയുംഉണ്ടെങ്കിൽ വിജാതീയഭാര്യക്കു എത്ര കൊടുക്കണം?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഒന്നുപകുതികൊടുക്കണം. നായർ റഗുലേഷനുമുമ്പേയുള്ള വിവാഹമാണെങ്കിൽ കാൽഭാഗം കൊടുക്കണം.

PRESIDENT: That is confounding him. Please say it is one-half under the present law.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അതേ. ഒന്നുപകുതി നായർ ഭാര്യക്കും കൊടുക്കണം. എന്നു വച്ചുകൊണ്ടാൽ മതി. ശേഷമുള്ളതിനാണ് നാം ചട്ടമുണ്ടാക്കേണ്ടതു്. ആ ഭാഗം സജാതീയമക്കൾ വീതിച്ചു എടുത്തുകൊള്ളണമെന്നാണു ബാൽ. അപ്പോൾ ഇല്ലത്തേക്കു ഒന്നും കിട്ടുകയില്ല. ആണും മക്കളില്ലെങ്കിൽ പെൺമക്കളും വിധവയുംകൂടി വീതിച്ചെടുത്തുകൊള്ളണമെന്നാണ് അതിൽ പറയുന്നതു. അപ്പോഴും ഇല്ലത്തിലേക്കു ഒന്നും കിട്ടുകയില്ല.

MR. V. N. JATHA VEDAN NAMPUTIRIPAD (*Co-opted*): നായർ ഭാര്യയ്ക്കു നാലിൽ ഒന്നല്ലേ കൊടുക്കേണ്ടതു?

PRESIDENT: നായർ ഭാര്യയെ [illegible]-മാണ്ടിനുമുമ്പു വിവാഹം ചെയ്തിരുന്നാൽ നാലിൽഒന്നു കൊടുത്താൽമതി. ഇവിടെ ഇപ്പോഴുള്ള നിയമം പറയുകയാണ്. മുമ്പുള്ളതിനെ നോക്കേണ്ട ആവശ്യമില്ല.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): രണ്ടുഭാര്യയുണ്ടെങ്കിലല്ലേ?

PRESIDENT: Is it possible under the Nayar Regulation to have two wives?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): It is certainly possible to have two sets of children. Suppose a Namputiri marries a Nayar wife and she dies. He can then have another wife say, a caste wife. രണ്ടുവഴിയിലും മക്കൾ ഉണ്ടെന്നുവയ്ക്കുക. അപ്പോൾ ഒന്നുപകുതി അവകാശം നായർ ബിൽ അനുസരിച്ചു നായർ

LIBRARY ARCHIVES Kerala Legislative Assembly

കും. ശേഷമുള്ള ഒന്നു പകുതി ഇല്ലത്തേയ്ക്കു തന്നെ കിട്ടണം; സജാതീയ മക്കൾക്കു വേണ്ടാ എന്നാണോ മി: ജാതവേദൻ നംപൂതിരിയുടെ അഭിപ്രായം?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : അങ്ങിനെ വരുമ്പോഠം ഇല്ലത്തേയ്ക്കുള്ള ഓഹരിവേണ്ടെന്നും വയ്ക്കാം. ഒരു ഭാര്യയെയൊള്ളുവെങ്കിൽ ഒന്നു പകുതി ഇല്ലത്തേയ്ക്കു കൊടുക്കാമല്ലോ.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): കൊടുക്കാം. പക്ഷേ രണ്ടുഭാര്യയുണ്ടായിരുന്നാൽ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : അപ്പോഠം ഇല്ലത്തേയ്ക്കുവേണ്ട.

MR. A. THANU PILLAI (*Trivandrum*) : സജാതീയഭാര്യ ഒന്നിൽ കൂടുതൽ ഉണ്ടായിരുന്നാൽ എങ്ങിനെയാണു് വീതിച്ചു കൊടുക്കേണ്ടതു്?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : ഒന്നുപകുതി രണ്ടു പേരും വീതിച്ചു എടുത്തുകൊള്ളണം.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നില്ല.

PRESIDENT : What Mr. Jathavedan Namputiripad first intended was that in any event the Illom should get one-half. That is not his position now. He now thinks that in any event the caste wife and children must get one-half. If there is more than one-half available, then it should go to the Illom. If by the application of the provisions of the Nayar Regulation one-half goes to the Nayar wife and children, then according to Mr. Jathavedan Namputiripad the remaining half must go to the caste wife and children because they must in any event get a portion of the property.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : നായർ റഗുലേഷൻ ചട്ടം വകുപ്പു അനുസരിച്ചു ഒരു നംപൂതിരിയുടെ പകുതി സ്വത്തു് നായർ ഭാര്യക്കും പകുതിസ്വത്തു് മറവകാശികൾക്കും കൊടുക്കണമെന്നാണു് ഇപ്പോഴത്തെ ഭേദഗതി. നായർ റഗുലേഷനു മുമ്പുള്ള വിവാഹമാണെങ്കിൽ നാലിൽ ഒന്നു നായർ സ്ത്രീക്കു കൊടുത്താൽ മതി. പകുതി സജാതീയഭാര്യക്കും കിട്ടും. പിന്നീടു ശേഷമുള്ള കാൽ ഭാഗം എന്തു ചെയ്യണം എന്നു മനസ്സിലാകുന്നില്ല. നംപൂതിരിമാർക്കു സജാതീയ ഭാര്യയും നായർ ഭാര്യയുമല്ലാതെ പല ജാതിയിലും ഭാര്യമാർ കണ്ടേയ്ക്കാം. അവരെക്കൂടി ഉൾപ്പെടുത്തണ്ടേ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : ഏതു ജാതിയിലായാലും സ്വത്തിനു് അവകാശമുണ്ടു്. നംപൂതിരിമാർ നായർ സ്ത്രീകളെ മാത്രമല്ല മറവു പല ജാതിയിലും വിവാഹം ചെയ്യാറുപതിവുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: അതു ഇന്നജാതിയാണെന്നു ഒരു വ്യവസ്ഥ വേണ്ടേ?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*) : ക്ഷത്രിയജാതിയിൽ വിവാഹം ചെയ്താലും കൊടുക്കണ്ടേ?

PRESIDENT: First come first served; so that if a Kshatriya Bill is passed there will be nothing left for the Kshatriya wife of the Malayala Brahmin?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): കൊടുക്കണം.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : നായരൊഴിച്ചു അന്യജാതിയിലുള്ള വിവാഹത്തെപ്പറ്റി ഈ ബില്ലിൽ ചിന്തിച്ചിട്ടില്ല വിവാഹത്തെപ്പറ്റിയും ഒരു വിവരണം ഈ ബില്ലിൽ കൊടുത്തിട്ടില്ല.

These then are the ideas that must be embodied in the Clause: One-half or one-fourth should go to the Nayar wife and children under the Nayar Regulation. One-half must necessarily go to the Namputiri wives and widows. If anything is left that will go to the Illom.

PRESIDENT : Mr. Jathavedan Namputiripad says that the caste wife and children must get one-half. If under the Nayar Regulation the Nayar wife and children get one-half then nothing will go to the Illom. If the Nayar wife gets only one-fourth under the Nayar Regulation, then one-fourth will go to the Illom.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*) . സജാതീയരായ് എന്ന പദംകൂടി ചേർക്കുന്നതിനെ സംബന്ധിച്ചു ഏതിക്ഷം ചിലതു പറയാനുണ്ട്. പ്രസിഡൻറ് അനുവദിക്കയാണെങ്കിൽ ഞാനും ഒരു ഭേദഗതി ഹാജരാക്കാം.

PRESIDENT: Nobody has seconded the fresh amendment.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): The amendment is not before the House. It is only being drafted.

PRESIDENT: Then, please, wait.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): If the suggestions are embodied, the Clause will read as follows:

On the death of a Malayala Brahmin male leaving him surviving a widow or widows, children or both, one-half of the self-acquired and separate property left undisposed by him shall devolve on his widows, sons, and unmarried daughters in equal shares; and in the absence of these heirs such one half shall devolve on his father, mother, brother or father's brother, each excluding all the succeeding. If, of the other half, anything is left after satisfying the claims enforceable under Section 21 of the Nayar Regulation, II of 1100, such balance shall devolve on his Illom.

Explanation:—Widow, son and daughter in this Section mean a widow, son and daughter of the Malayala Brahmin caste.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: The House will now rise for lunch and meet again at 2-45.

The Council rose for lunch at 2 P. M. and re-assembled after lunch at 2-50 P. M.

PRESIDENT; Mr. Parameswaran Pillai, have you put the amendment in the proper form ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Yes, Sir. I shall read it.

> "On the death of a Malayala Brahmin male leaving him surviving widow or widows, children or both, one half of his self-acquired and separate property left undisposed of shall devolve on his widows, sons and unmarried daughters in equal shares. In the absence of these heirs, such one-half shall devolve on his father, mother, brother or father's brother, each class of the excluding all the succeeding classes; if, of the other half, any residue is left, after satisfying the claims enforceable under Section 21 of the Nayar Regulation, II of 1100, such balance shall devolve on his Illom.
>
> "Explanation.—Widow, son and daughter in this Section mean a widow son and daughter of the Malayala Brahmin caste.'

ഒരു നംപൂതിരി മരിക്കുമ്പോൾ സജാതീയവിധവയും കുട്ടികളുമുണ്ടെങ്കിൽ ഒന്നുപകുതിസ്വത്തു മക്കൾക്കും വിധവയ്ക്കും കല്യാണംകഴിക്കാത്ത പുത്രിമാർക്കും ഒന്നുപോലെ വീതിച്ചുകൊടുക്കണം. എന്നാൽ വിധവയൊ സന്താനങ്ങളൊ ഇല്ലെങ്കിൽ ആ സ്വത്തു പോകുന്നതു മരിച്ച ആളിന്റെ അച്ഛനൊ, അച്ഛനില്ലെങ്കിൽ അമ്മയ്ക്കൊ അമ്മയില്ലെങ്കിൽ സഹോദരനൊ, ഇവരാരുമില്ലെങ്കിൽ അച്ഛന്റെ സഹോദരനൊ ആണ്. ശേഷമുള്ള ഒന്നുപകുതി ഇല്ലത്തേയ്ക്കു ലയിക്കണം. ഇതിൽ മക്കൾ എന്നും വിധവ എന്നും ഉദ്ദേശിച്ചിരിക്കുന്നതു നംപൂതിരിവിധവയും മക്കളുമാണു. ക്ഷത്രിയകുടുംബത്തിലുള്ള ഭാര്യയെപ്പറ്റി ഇതിൽ പറഞ്ഞിട്ടില്ല.

MR. V. N. JATHA VEDAN NAMPUTIRIPAD (*Co-opted*): ഭാര്യാസന്താനങ്ങൾ എന്നു പറയുന്നതു സജാതീയരേയും വിജാതീയരേയും കൂടി ചേർത്തിട്ടാണോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): നായന്മാരെ ഇതിൽ ഉൾപ്പെടുത്തിയിട്ടാവശ്യമില്ല. സജാതീയഭാര്യയും മക്കളുമെന്നാണു നോട്ടീസിൽ ചേർത്തിട്ടുള്ള അമൻറുമെൻറു കൊണ്ടു തോന്നുന്നതു്.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): അങ്ങിനെയല്ല ഉദ്ദേശിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അങ്ങിനെ ഇതിൽ പറഞ്ഞിട്ടില്ല. എന്നാൽ നംപൂതിരിമാർ സാധാരണ ക്ഷത്രിയകുടുംബങ്ങളിൽനിന്നും വിവാഹം ചെയ്യാറുണ്ട്. അതു വിവാഹമല്ലെന്നു പറയുന്നില്ല. അവക്കുകൂടി ബാധിക്കുന്ന ഒരു നിയമമുണ്ടാക്കണമെന്നു നംപൂതിരിബില്ലിൽ ഉദ്ദേശിച്ചിട്ടില്ല. ആ സ്ഥിതിക്കു സജാതീയഭാര്യയും മക്കളും എന്നേ അർത്ഥമാകയൊള്ളു. മറു ജാതിക്കാരെ സംബന്ധിച്ചുകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തുകയാണെങ്കിൽ അതു ബില്ലിന്റെ വ്യാപ്തിയിൽ കവിഞ്ഞുപോകയില്ലയോ എന്നു സംശയിക്കുന്നു. നായന്മാരെ സംബന്ധിച്ചു ഇപ്പോൾതന്നെ ചട്ടമുള്ളതുകൊണ്ടു അതിനെപ്പറ്റി ആലോചിക്കാനില്ല. ഇനി ഈ അമൻറുമെൻറിനെപ്പറ്റി മി. ജാതവേദൻ നംപൂതിരിപ്പാട അഭിപ്രായപ്പെടട്ടെ.

MR. A. C. KURIAKOSE (*Minachil cum Devicolam*): ഇതിൽ ഒരു സംശയംകൂടി ഉണ്ട്. സന്താനമില്ലാത്ത ഒരു വിധവമാത്രം ശേഷിക്കുന്നുവെങ്കിൽ അവക്കു മാത്രമാണോ അവകാശം?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): മി. പരമേശ്വരൻപിള്ള ഇവിടെ വായിച്ച ഭേദഗതിയെ ഞാൻ അവതരിപ്പിക്കുന്നു.

PRESIDENT: Does anybody second that amendment?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): I second it.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): സർ, ഞാൻ ഈ അമൻറുമെൻറിനെ പ്രതിക്ഷേപിക്കുന്നു. എന്റെ പ്രധാനഉദ്ദേശം ഈ സഭ മുമ്പാകെ ഒരു സംഗതി ചൂണ്ടിക്കാണിക്കാനാണ്. ക്ഷത്രിയർ, നായരേതരന്മാരായ മറു ജാതിക്കാർ, ഇവരുമായിട്ടു നമ്പൂതിരിമാർ ധാരാളം സംബന്ധം നടത്താറുണ്ട്. ക്ഷത്രിയരെ സംബന്ധിച്ചിടത്തോളം, നായർ ബിൽ പാസായ അവസരത്തിൽ അവസാനമായി ഒരു ക്ലാസ് ചേർക്കുന്നതിനു ഞാൻ ഒരു അമൻറുമെൻറ് അയച്ചിരുന്നു. അതായതു് നായർ ബില്ലിന്റെ വ്യാപ്തിയിൽ ക്ഷത്രിയരെകൂടി ഉൾപ്പെടുത്തണമെന്നുള്ളതാണ്. ക്ഷത്രിയക്കു ഒരു പുതിയബിൽ പാസാക്കിത്തരണമെന്നു് ഗവണ്മെൻറിനോടു അപേക്ഷിക്കയും ക്ഷത്രിയസഭ തുടർച്ചയായി യോഗങ്ങൾകൂടി നിശ്ചയം പാസാക്കി അയക്കയും ചെയ്തിട്ടുണ്ട്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): നായർ ബില്ലിൽ ചേർക്കണമെന്നു ഒരു അമൻറുമെൻറു അയച്ചതായി പറഞ്ഞല്ലോ. അതു് ഒടുവിൽ എന്തായി?

LIBRARY ARCHIVES Kerala Legislative Assembly

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ഞാൻ അതു അവതരിപ്പിച്ചില്ല. നാലടിച്ചു് @ @ മിന്നിട്ടു് ആയപ്പോഴാണു് ബിൽ പാസായതു്. ബിൽ വേഗം പാസാക്കി കിട്ടണമെന്നുള്ള വിചാരത്താൽ എന്റെ നായർ സ്നേഹിതന്മാർ പലരും എന്നെ നിർബ്ബന്ധിച്ചതുകൊണ്ടാണു് അന്നു ഞാനതു മുഴുപ്പെടുത്താത്തതു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): നായർറഗുലേഷനിൽ ഇതു് ഉൾപ്പെടുത്താൻ പാടില്ലെന്നുള്ള സംശയവും ഉണ്ടായിരുന്നുവോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ആ സംശയമുള്ളതായി ആരും അന്നു പ്രസ്താവിച്ചില്ല. ഈ സംശയം ഗവണ്മെൻറിനുണ്ടായിരുന്നുവെങ്കിൽ ആ അമൻറുമെൻറു് ടു ബിൽ ഒട്ടുചെയ്യുകയില്ലായിരുന്നു. നേരെമറിച്ചു് അതിനെ തള്ളുക്കളയുമായിരുന്നു. അങ്ങിനെ ചെയ്തില്ല. ഇന്നു ഒരു ക്ഷത്രിയബിൽ ഉണ്ടായിട്ടുന്നുവെങ്കിൽ "subject to the provision of Section 21 of the Nayar Regulation" എന്നു ഇപ്പോൾ ചേർത്തതുപോലെ "Subject to the provisions of so and so എന്നുകൂടെ ഈ ബില്ലിൽ കാണുമായിരുന്നു. അതിനിടയാകാതെ വന്നതു ഞങ്ങളുടെ കഷ്ടകാലമെന്നേ പറയാനുള്ളു.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ക്ഷത്രിയരുടെ അവകാശക്രമങ്ങളെല്ലാം നംപൂതിരി ബില്ലിൽ ചേർക്കണമെന്നാണോ പറയുന്നതു്?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): നായർ ബില്ലിൽ മറുജാതിക്കാരെ ഉൾപ്പെടുത്താമെങ്കിൽ നംപൂതിരി ബില്ലിൽ ക്ഷത്രിയരേയും ഉൾപ്പെടുത്താം. ഈ സഭ തന്നെ ഒരിക്കൽ ആ തത്വം സ്വീകരിച്ചതുകൊണ്ടു് നംപൂതിരിബില്ലിൽ ക്ഷത്രിയരെ ചേർക്കുന്നതിനു് അവകാശമില്ലെന്നു ഞാൻ വിചാരിക്കുന്നില്ല. പിന്നീടു് പ്രസിഡൻറവർകൾ മുമ്പേ വന്നവർ മുമ്പേ വാങ്ങിച്ചു കൊണ്ടുപോയി എന്നു സൂചിപ്പിച്ചതുപോലെ ക്ഷത്രിയരുടെ കാര്യവും ആയിതീരുന്നതു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar-Vakil*): നംപൂതിരിമാർ മറു ജാതിയിലും വിവാഹം നടത്താറുണ്ടെന്നു പറഞ്ഞല്ലൊ. അതു് ഏതെല്ലാം ജാതിയാണെന്നു പറയാമോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ക്ഷത്രിയർ, വാര്യർ, നമ്പ്യാർ, പണ്ടാല തുടങ്ങിയുള്ള ചില്ലറ മരുമക്കത്തായം അനുഷ്ഠിക്കുന്ന ജാതിക്കാരുടെ ഇടയിൽ നമ്പൂതിരിമാർ സംബന്ധം നടത്താറുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അവരെ എല്ലാവരേയുംകൂടി ഉൾപ്പെടുത്തണമെന്നു വിചാരിക്കുന്നുണ്ടോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): അവക്ക് എല്ലാവക്കുംകൂടി അവകാശമുണ്ടായിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഞാൻ ഈ ഭേദഗതിയെ പ്രതിഷേധിക്കുന്നത്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഈ വിവാഹങ്ങൾ എല്ലാം ശാസ്ത്രപ്രകാരം ഉടകപൂർവം ചെയ്യുന്നതാണോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): അതിനെപ്പറ്റി നമ്പൂതിരി സ്നേഹിതന്മാർക്കുമാത്രമെ പറയാൻസാധിക്കയുള്ളൂ. മന്ത്രങ്ങളുടെ അർത്ഥം എനിക്കറിഞ്ഞുകൂടാ. മറു ജാതിക്കാരെസംബന്ധിച്ച് എനിക്കൊന്നു നിശ്ചയമില്ല. ക്ഷത്രിയരെ സംബന്ധിച്ചുപറയുകയാണെങ്കിൽ അവരെക്കൊണ്ടു ചില മന്ത്രങ്ങളെല്ലാം നമ്പൂതിരിമാർ ചൊല്ലിക്കാറുണ്ട്. അതിന്റെ അർത്ഥം അവക്കെ അറിയാവൂ.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sikar Vakil*): മന്ത്രങ്ങളുമുണ്ടോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): മന്ത്രങ്ങളുണ്ട്. പൂർണ്ണമായ സകലക്രിയകളും നടത്തുന്നുണ്ട്. അതു് ഉടകപൂർവമാണൊ അല്ലയൊ എന്നു നംപൂതിരിസ്നേഹിതന്മാർവേണം പറയാൻ.

അതിനാൽ ഈ സഭ ഈ ചെറിയസമുദായക്കാരുടെ സ്ഥിതിക്കുടി ശരിയായിട്ടു പരിഗണിച്ചിട്ടുവേണം ഈ അമൻറുമെൻറു സ്വീകരിക്കയൊ തള്ളുകയൊ ചെയ്യേണ്ടതു്. ഞങ്ങൾക്കൊരു ബിൽ ഇതുവരെ അവതരിപ്പിക്കാൻ സാധിച്ചിട്ടില്ലെന്നുള്ള ഏകകാരണത്താൽമാത്രം നായർസ്ത്രീക്കു കിട്ടുന്ന അവകാശം ഒരു ക്ഷത്രിയസ്ത്രീക്കൊ അല്ലെങ്കിൽ മറുജാതിക്കാക്കൊ ഇല്ലെന്നു പറയുന്നതു് ഈ സഭയുടെ അഭിമാനത്തിനു യോജിച്ചതല്ല.

അതുകൊണ്ടു് ഓരോ മെമ്പർമാരും ഇതിനെപ്പറ്റി ശരിയായി ആലോചിച്ചു വോട്ടുചെയ്യാൽ കൊള്ളാമെന്നാണു് എന്റെ അഭിപ്രായം.

MR. P. S. MAHOMED (*Nominated*) : സർ, ഞാനും ഈ ഭേദഗതിയെ എതുക്കുന്നു. ഒരാൾക്കു പല ഭാര്യമാരും ഉള്ളപ്പോൾ അയാളുടെ സ്വത്തിൽ ഒന്നരണ്ടു ഭാര്യമാക്കും അവരുടെ സന്താനങ്ങൾക്കും അവകാശം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കയും ശേഷമുള്ളവക്ക് അവകാശം കൊടുക്കാതിരിക്കയും ചെയ്യുന്ന ഒരു നിയമം ഇവിടെ പാസാക്കുന്നതു ഒരിക്കലും ശരിയാണെന്നു് എനിക്കു തോന്നുന്നില്ല. നായർറഗുലേഷൻ അനുസരിച്ചു നായന്മാക്കു കിട്ടേണ്ടതു കിട്ടിയിട്ടുണ്ടു്. മറുള്ളതു മുഴുവൻ നംപൂതിരിമാക്കുതന്നെ കിട്ടണമെന്നുപറയുകയാണെങ്കിൽ അവർ മറുജാതിയിൽ വിവാഹം ചെയ്യുതെന്ന ക്രൂടി ക്ലിപ്തപ്പെടുത്തേണ്ടതുണ്ടു്. അങ്ങിനെ ക്ലിപ്തപ്പെടുത്തിയില്ലെങ്കിൽ മറു ജാതിയിലുള്ള ഭാര്യമാർക്കും സന്താനങ്ങൾക്കും അവകാശം കൊടുക്കുകതന്നെവേണം.

ഈ ഭേദഗതിയിൽ വിഷമം വരുത്തിയിരിക്കുന്നതു് explanation ആണു്. മലയാളബ്രാഹ്മണവിധവാ മക്കൾ എന്നു പറഞ്ഞിട്ടുണ്ടു്. അതിൽ നായന്മാരുടെ കാര്യം പ്രത്യേകം പറയേണ്ട ആവശ്യമില്ലാ; Non-nayar wife, son and daughter, എന്നുക്രൂടി ഉൾപ്പെടുത്തുന്നതുനന്നായിരിക്കും.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): മറുജാതിക്കാരെ സംബന്ധിച്ചു വേറെ ഒരു റഗുലേഷൻ വരുമ്പോൾ അതിൽ ഉൾപ്പെടുത്തിയാൽ പോരാഎന്നുണ്ടോ?

MR. P. S. MAHOMED (*Nominated*) : വേറെ ഒരു റഗുലേഷനിൽ ഉൾപ്പെടുത്തിയാൽ പോരാ. നായർ റഗുലേഷനിൽ പകുതി കൊണ്ടുപോയി. ഇനി പകുതി നംപൂതിരിബിൽ അനുസരിച്ചുംകൊണ്ടുപോകും. പിന്നെ ബാക്കി എന്തുണ്ടു്? അതുകൊണ്ടു് അതുപോരാ. ഈ ബില്ലിൽ തന്നെ ചേർക്കണമെന്നാണു് എന്റെ അഭിപ്രായം.

MR. R. RAMAN PILLAI (*Kottayam*): ഞാനും ഈ ഭേദഗതിയെ പ്രതിക്രൂലിക്കുന്നു. നംപൂതിരിമാരുടെ കുടുംബം കാലാന്തരത്തിൽ ഭാഗിച്ച കുടുംബംപോലെ ആയിത്തീരുമെന്നു് ഊഹിക്കാൻ ന്യായമുണ്ടു്. എന്തുകൊണ്ടെന്നാൽ ഈ ബില്ലിൽതന്നെ സജാതീയവിവാഹം ചെയ്തിട്ടുള്ള ആളുകൾക്കു ചിലവിനുകൊടുക്കാനുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ആ സ്ഥിതിക്കു് ഒരാൾ സമ്പാദിച്ച സ്വത്തു് അയാളുടെ മക്കൾക്കുതന്നെ സ്ഥിരമായിരിക്കത്തക്കവണ്ണം വേണ്ട വ്യവസ്ഥക്രൂടി ചെയ്യണം. തന്റെ സ്വത്തു തന്റെ മക്കൾക്കു കിട്ടാതെ അന്യർക്കു പോകുമെന്നുവരുന്നതു വലിയ കഷ്ടമാണു്. എന്നാൽ പകുതി ഇല്ലത്തേക്കു ലയിക്കണമെന്നുപറയുന്നതു ഒരു മനുഷ്യന്റെ സ്വയാർജ്ജിതസ്വത്തുണ്ടാക്കാനുള്ള പ്രേരകശക്തിയെ നശിപ്പിക്കയാണു ചെയ്യുന്നതു്. അതിനാൽ ഒരാളിന്റെ സ്വത്തു് അയാളുടെ ഭാര്യക്കും മക്കൾക്കും തന്നെ കൊടുക്കേണ്ടതാണു്. ഭാര്യയും മക്കളും ഇല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S Mahomed]

കാമൺലാ അനുസരിച്ച രക്തസംബന്ധമുള്ള അടുത്ത ആളിനു പോകുന്നതുകൊണ്ടു വിരോധമില്ല.

നായർസ്ത്രീകളെ നംപൂതിരിമാർ വിവാഹം ചെയ്യാറുണ്ട്. നായർ റഗുലേഷൻകൊണ്ടു നായർസ്ത്രീയ്ക്കും ഒരവകാശം കിട്ടി. നംപൂതിരിറഗുലേഷൻ വന്നപ്പോൾ അവർക്കും അവകാശം കിട്ടുമെന്നായി. എന്നാൽ നായന്മാരിൽനിന്നും ഒട്ടും താഴെ ആണെന്ന് ആരുംപറയാത്ത ക്ഷത്രിയരുടെ സ്ഥിതിവന്നപ്പോൾ അതു ബില്ലിൽ ചേർക്കാൻ പാടില്ലെന്നും പറയുന്നു. നായർഭാര്യക്കും, നംപൂതിരിഭാര്യക്കും, ഒരു നംപൂതിരിയുടെ സ്വയാർജ്ജിതസ്വത്തു കിട്ടാൻ അവകാശമുണ്ടെങ്കിൽ, ക്ഷത്രിയഭാര്യയ്ക്കും, നമ്പ്യാർഭാര്യയ്ക്കും എന്തുകൊണ്ടുകിട്ടാൻ അവകാശമില്ല. അതുകൊണ്ട് ഒരു നംപൂതിരിബ്രാഹ്മണന്റെ സ്വയാർജിതസ്വത്തു അദ്ദേഹത്തിന്റെ ഭാര്യയ്ക്കും മക്കൾക്കും ഏതുജാതിയായാലും ഒന്നുപോലെ കിട്ടേണ്ടതാണ്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : ഈ ഭേദഗതി തള്ളിക്കളഞ്ഞാൽ ഈ ഉദ്ദേശം സാധിക്കയില്ലല്ലോ?

MR. R. RAMAN PILLAI (*Kottayam*): ആ സെക്ഷൻ തന്നെ തള്ളണം.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : സെക്ഷൻ തന്നെ തള്ളിയാലും സാധിക്കയില്ല.

MR. R. RAMAN PILLAI (*Kottayam*) : അതു ഏതു വിധത്തിലാണ് വേണ്ടതെന്ന് ഈ കൌൺസിൽ തന്നെ ആലോചിച്ചു ഒരു പരിഹാരമുണ്ടാക്കണം.

തിരുവിതാംകൂറിലെ പ്രഭുക്കന്മാരായിരിക്കുന്ന ക്ഷത്രിയവർഗ്ഗത്തിനു ഈ നിലയിൽ ഒരു അവമതി ഉണ്ടാക്കിവയ്ക്കുന്നതു ഈ കൌൺസിലിനും, ഗവർണ്മെൻറിനും, നമ്പൂതിരി സമുദായത്തിനും കുറച്ചിലാണ്. അതുകൊണ്ട് ഒരു നംപൂതിരിയുടെ സ്വത്തു മുഴുവനും അയാളുടെ എല്ലാ ഭാര്യമാക്കും മക്കൾക്കും ഒന്നുപോലെ വീതിച്ചു കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. എന്നാൽ സജാതീയ ഭാര്യയും മക്കളും മാത്രമേയുള്ളു എങ്കിൽ മുഴുവൻ സ്വത്തും അവർക്കുതന്നെ കൊടുക്കേണ്ടതുമാണ്. അതുകൊണ്ട് ഞാൻ ഈ ഭേദഗതിയെ പ്രതിക്ഷേപിക്കുന്നു.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*) : ഞാനും ഈ ഭേദഗതിയെ എതിർക്കുന്നു. സ്വയാർജ്ജിതവും സ്വകാര്യവുമായ സ്വത്തിനെപ്പറ്റി ഇങ്ങിനെ ഒരു ഭേദഗതി കൊണ്ടുവരേണ്ട ആവശ്യമില്ല. കാ

LIBRARY ARCHIVES Kerala Legislative Assembly

മൺലാ അനുസരിച്ചു സ്വയാർജ്ജിതവും സ്വകായ്യവുമായ സ്വത്തു അ
യാളുടെ ഭാര്യക്കും മക്കൾക്കും കൊടുക്കേണ്ടതാണു്. നംപൂതിരിമാരുടെ
യിടയിൽ അതിനെ സംബന്ധിച്ചു ക്ലിപ്തമായ ഒരു നിയമമുണ്ടായിട്ടില്ലെ
ങ്കിലും ഇതിനെ സംബന്ധിച്ചു കൊച്ചിയിൽ നംപൂതിരിമാരുടെ സ്വയാ
ർജ്ജിതസ്വത്തു സ്വജാതീയ ഭാര്യക്കും മക്കൾക്കും കൊടുക്കേണ്ടതാണെന്നു്
ഒന്നു രണ്ടു കേസ്സുകളിൽ വിധിയുണ്ടായിട്ടുണ്ടു്. കുന്നത്തൂർ ഭട്ടതിരി കേ
സ് ഇതിലേക്കു് ഒരുദാഹരണമാണു്. ക്രമാതെ സ്വയാർജ്ജിതത്തിൽ
പൈതൃകസ്വത്തു കുടുംബത്തേക്കു ചേരേണ്ടതാണെന്നു പറയുന്നതിലും യാ
തൊരു ന്യായവും കാണുന്നില്ല. അതുകൊണ്ടു ഭേദഗതിയെ ഞാൻ എ
തിർക്കുന്നു.

Sir, I move that the question be now put to vote.

PRESIDENT: No. I do not think it has been sufficiently discussed.

MR. A. G. MENON (*Perur*): ഈ ഭേദഗതിയെ എതിർത്ത എന്റെ മാ
ന്യസ്നേഹിതന്റെ മുഖ്യമായ വാദം മറ്റു സമുദായത്തിലുള്ള ഭാര്യക്കും
മക്കൾക്കും കൂടി സ്വയാർജ്ജിതസ്വത്തു വീതിച്ചു കൊടുക്കണമെന്നാണു്.
എന്നാൽ ഇതിൽ ഒരു വൈഷമ്യമുണ്ടു്. വിവാഹം ഓരോ സമുദായ
ത്തിലും ഓരോ വിധത്തിലാണു് ഇരിക്കുന്നതു്. ആ സ്ഥിതിക്കു എങ്ങി
നെയാണു് ഒരു വിവാഹം നടത്തേണ്ടതെന്നുള്ളതിനെ സംബന്ധിച്ചു് ഒ
രു ചട്ടമോ നിയമമോ ഇല്ലാതിരിക്കുന്നിടത്തോളം യഥാർത്ഥ ഭാര്യയാ
ണോ, പുത്രനാണോ, എന്നു തീർച്ചപ്പെടുത്തുന്നതിനു കോടതിക്കു വിഷ
മമുണ്ടു്. എന്നാൽ ക്ഷത്രിയരെ സംബന്ധിച്ചിടത്തോളം ഈ വക സം
ഗതികൾ തീർച്ചപ്പെടുത്തുന്നതിനും മറ്റുമായി പലതും ശ്രമിച്ചിട്ടുള്ളകൂ
ട്ടത്തിൽ ഞാനും ശ്രമിച്ചിട്ടുണ്ടെങ്കിലും അതു സഫലമായിട്ടില്ല. ആ ഒ
രു കാരണം കൊണ്ടു ഈ ബിൽ പാസാക്കാതെയിരിക്കയോ അല്ലെങ്കി
ൽ ഈ ബില്ലിനെ എതിർക്കയോ ചെയ്യുന്നതു ന്യായമല്ല. ഒരു സമുദാ
യത്തിലെ വിവാഹം എന്നുള്ള പദത്തിനു് എന്താണു് അർത്ഥം എന്നു
പരിഗണിക്കാതെ ഭാര്യാപുത്രസംബന്ധം നിശ്ചയിക്കുവാൻ പ്രയാസമാ
ണു്.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): ഭാര്യ
എന്നു വച്ചാൽ എന്താണു്?

MR. A. G. MENON (*Perur*): വിവാഹം ചെയ്ത സ്ത്രീയല്ലേ ഭാര്യ. വി
വാഹം തന്നെ എന്താണെന്നറിയാതെ ഭാര്യ എന്താണെന്നു എങ്ങിനെ
അറിയാൻ സാധിക്കും. ഭാര്യയാണു്, പുത്രനാണു്, എന്നൊക്കെ പറയാ
മെങ്കിലും കോടതിയിൽ വരുമ്പോഴും അതൊക്കെ മാറും.

LIBRARY ARCHIVES Kerala Legislative Assembly

MR. N. K. KRISHNA PILLAI (*Neyyattinkara*): ഒരു നംപൂതിരിയും നായർസ്ത്രീയുമായിട്ടുള്ള വിവാഹം എങ്ങിനെയാണു്? അതിൽ അഭിപ്രായവ്യത്യാസത്തിന്നവകാശമുണ്ടോ?

MR. A. G. MENON (*Parur*): അതിനെപ്പറ്റി നായർ റഫ്രഷ്മെന്റിൽ പറഞ്ഞിട്ടുണ്ടു്. ഇന്ന മാതിരി ചെയ്താൽ മാത്രമേ വിവാഹമാകയൊള്ളു. അല്ലെങ്കിൽ അതു അനാധുവാണു് എന്നൊക്കെ അതിൽ വിവരിച്ചിട്ടുണ്ടു്. ഞാൻ മറ്റുള്ള സമുദായത്തെ സംബന്ധിച്ചു പറകയാണു്. അവക്കും ഈ അവകാശം കൊടുക്കേണ്ടതാണു് എന്നുള്ള അഭിപ്രായക്കാരനാണു് ഞാൻ. അതിലേക്കു വേണ്ടി ഒരു പ്രത്യേക സമുദായത്തെ ഉദ്ദേശിച്ചു ഞാൻ ഒരു ബിൽ അയച്ചിട്ടുണ്ടു്. പക്ഷെ അനുവാദം കിട്ടിയില്ല.

MR. P. S. MAHOMED (*Nominated*): ഇപ്പോഴും ഏതെങ്കിലും ഒരു വിവാഹ സമ്പ്രദായമില്ലേ?

MR. A. G. MENON (*Parur*): ഉണ്ടു്. അതിനു് ഒരു ലീഗൽ ഡെഫനിഷൻ വേണമെന്നാണു് ഞാൻ പറയുന്നതു്.

MR. P. S. MAHOMED (*Nominated*): ലീഗൽഡെഫനിഷൻ കസ്റ്റം കൊണ്ടല്ലേ വരുന്നതു്?

MR. A. G. MENON (*Parur*): ആയിരിക്കാം. പക്ഷെ കോടതിയിൽ പോകുമ്പോഴും വിവാഹം ചെയ്തിട്ടില്ലെന്നു പറയും. അതിനും ഒരു നിവൃത്തിവേണ്ടേ?

MR. P. S. MAHOMED (*Nominated*): അങ്ങിനെ വരുമ്പോഴും സമുദായത്തിലെ നടപ്പു തെളിയിക്കാൻ പാടില്ലെന്നുണ്ടോ?

MR. A. G. MENON (*Parur*): പാടില്ലായ്കയല്ല. ഇങ്ങനെ പലതരത്തിലുള്ള കുഴപ്പങ്ങൾ ഉണ്ടാകുമെന്നാണു് ഞാൻ പറയുന്നതു്.

MR. R. RAMAN PILLAI (*Kottayam*): മാരിയേജു് എന്ന പദത്തിനു് ഇവിടെ ഒരു ഡെഫനിഷൻ കൊടുത്താൽമതിയാകയില്ലേ?

MR. A. G. MENON (*Parur*): ഓരോ സമുദായക്കാരുടെയിടയിൽ വിവാഹചടങ്ങു ഓരോ വിധമാണല്ലോ.

MR. R. RAMAN PILLAI (*Kottayam*): നമ്പൂതിരി ബ്രാഹ്മണന്റെ വിവാഹം ഇന്നതരത്തിലായിരിക്കണം എന്ന വ്യവസ്ഥചെയ്താൽ പോരേ?

MR. A. G. MENON (*Parur*): അതു എനിക്കറിഞ്ഞുകൂടാ.

MR. R. RAMAN PILLAI (*Kottayam*): ഉദകപൂർവമുള്ള വിവാഹം, പട്ടുകൊടകൊണ്ടുള്ള വിവാഹം, ഇങ്ങനെ വ്യവസ്ഥചെയ്താൽ പോരേ?

LIBRARY ARCHIVES Kerala Legislative Assembly

MR. A. G. MENON (*Parur*) : എന്റെ അഭിപ്രായത്തിൽ വിവാഹത്തിനു് ഒരു ഡെഫനിഷൻ കൊടുക്കാൻ ശ്രമിയുള്ള ആളുകൾ ഇവിടെയില്ല എന്നാണു് തോന്നുന്നതു്.

MR. R. KESAVA PILLAI (*Kottarakara cum Kunnathur*): സ്വയാർജ്ജിത സ്വത്തിൽ ഒരു ഭാഗം കുടുംബത്തിലേക്കു് ലയിക്കണമെന്നുള്ള ഭേദഗതിയെ ഞാൻ എതിർക്കുന്നു. അങ്ങിനെ ഒരു വ്യവസ്ഥ ചെയ്താൽ ഒരാളിന്റെ സമ്പാദിക്കണമെന്നുള്ള പ്രേരക ശക്തിഇല്ലാതെയാകും. നായർ തറവാട്ടിലെ ഇളമുറക്കാരൻ സമ്പാദിച്ചാൽ തറവാട്ടിലേക്കു ലയിക്കണമെന്ന മുമ്പു ചട്ടമുണ്ടായിരുന്നു. ഇപ്പോഴത്തെ രീതിയനുസരിച്ചു് അയാളുടെ സമ്പാദ്യം മക്കൾക്കാണു് പോകുന്നതു്. കൊച്ചിയിലെ നിയമത്തെപ്പറ്റി മിസ്റ്റർ. കേശവൻ നംപൂതിരിപ്പാട പറയുകയുണ്ടായി. അതായതു് ഒരു മലയാള ബ്രാഹ്മണന്റെ സ്വത്തു് അയാളുടെ ഭാര്യയ്ക്കും വിധവയ്ക്കും കിട്ടാൻ അവകാശമുണ്ടെന്നാണു്. ആ രീതിയനുസരിച്ചു് ഇവിടെയും നിയമം പാസാക്കണമെന്നാണു് എന്റെ അഭിപ്രായം. അതല്ലാതെ ഈ ബിൽ പാസാക്കിയാൽ നാം അഭിവൃദ്ധിപ്പെട്ടുവരുന്നു എന്നു പറയാൻ നിവൃത്തിയില്ല. മദിരാശി ഹൈക്കോടതിയിലെ വിധിയും ഇപ്രകാരമാണെന്നു് ഈ ബിൽ പ്രയോക്താവു തന്നെ ഇവിടെ പറഞ്ഞു കഴിഞ്ഞു. അതുകൊണ്ടു് സ്വയാർജ്ജിതസ്വത്തു കുടുംബത്തിൽ ലയിക്കണമെന്നുള്ള ഭാഗം അനുവദിക്കത്തക്കതല്ല.

മിസ്റ്റർ. രാജ രാജവർമ്മ കോയിത്തമ്പുരാന്റെ അഭിപ്രായത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അദ്ദേഹത്തെ അനുകൂലിക്കുന്നതിനോ, പ്രതികൂലിക്കുന്നതിനോ, നിവൃത്തിയില്ലാത്ത ഒരു നിലയാണു് ഇപ്പോഴുള്ളതു്. ഒരു നംപൂരിരി ഒരു വിജാതീയ വിവാഹം ചെയ്യുന്ന അവസരത്തിൽ അയാളുടെ സ്വയാർജ്ജിതസ്വത്തു വിജാതീയ ഭാര്യക്കും മക്കൾക്കും കൊടുക്കണമെന്നു ഒരിക്കലും ആലോചിച്ചു കാണുകയില്ല. നായർ റഗുലേഷൻ പാസായ ശേഷമാണു് ആവർ ഇതിന്റെ ബുദ്ധിമുട്ടു് അറിഞ്ഞതു്. ആദ്യമെ തന്നെ ഈ സംഗതി അറിഞ്ഞിരുന്നുവെങ്കിൽ ഈ വിഷമഘട്ടത്തിൽ ക്രൂടി കടന്നു പോകുന്നതിനു് അവർ ഒരിക്കലും തയ്യാറാവുകയില്ലായിരുന്നു.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): നായർ റഗുലേഷൻ പാസായശേഷം നംപൂതിരിമാരും നായർ സ്ത്രീകളും തമ്മിൽവിവാഹമില്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

LIBRARY ARCHIVES Kerala Legislative Assembly

MR. R. KESAVA PILLAI (*Kottarakara cum Kunnattur*) : അധികംഒ ണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

MR. A. G. MENON (*Parur*) : നായർ റപ്രസേന്റേഷനു മുമ്പും നംപൂതിരി മാർ നായർ സ്ത്രീക്കു് ഒന്നും കൊടുത്തു കാണുകയില്ലെന്നാണോ പറയുന്നതു്?

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): അതു ഓരോരുത്തരുടെ മനസ്ഥിതിപോലെയിരിക്കും.

MR. MURUVELIL PACHU PILLAI (*Shertallai*) : ക്ഷത്രിയസമുദായംഎന്നപേരിൽ അറിയപ്പെടുന്നവർ ആരെല്ലാമാണു്?

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): ക്ഷത്രിയസമുദായത്തെ സംബന്ധിച്ചിടത്തോളം വേണ്ട പരിജ്ഞാനം എനിക്കില്ല.

MR. MURUVELIL PACHU PILLAI (*Shertallai*) : ക്ഷത്രിയരിൽ ആരെല്ലാം ഉൾപ്പെടുമെന്നറിയാമോ?

MR. R. KESAVA PILLAI (*Kottarakara cum Kunnattur*) : എനിക്കറിഞ്ഞുകൂടാ. എന്റെ സമുദായത്തെ സംബന്ധിച്ചിടത്തോളം കിട്ടാനുള്ളതു മുഴുവനും കിട്ടിക്കഴിഞ്ഞു എന്നുള്ള സ്വാർത്ഥതയോടു കൂടിയല്ല ഞാൻ പറയുന്നതു്. നായർ ബിൽ പാസായകാലത്തു് എന്റെ അഭിപ്രായം ചോദിച്ചിരുന്നുവെങ്കിൽ എന്റെ വർഗ്ഗത്തെ സംബന്ധിച്ചിടത്തോളം ഞാൻ പറയുകയില്ലായിരുന്നു.

MR. ITTOOP ITTEECHAN (*Kunnatnad*) : ഓരോ അംഗത്തിന്റേയും സ്വയാർജ്ജിതസ്വത്തു ഭാര്യയ്ക്കും മക്കൾക്കും കൊടുത്താൽ ഇല്ലം വകസ്വത്തിനു് എങ്ങിനെ അഭിവൃദ്ധിയുണ്ടാകും?

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): ഇല്ലം വകസ്വത്തു ഭരിക്കേണ്ടതു കാരണവനാണു്. അതു കൊണ്ടു് അതു് അഭിവൃദ്ധിയിൽകൊണ്ടു വരേണ്ട മുമതലയും കാരണവനാണുള്ളതു്. കാരണവൻ അതിലേക്കു ശ്രമിച്ചാൽ ഇല്ലത്തിലെ സ്വത്തു വർദ്ധിക്കും.

MR. ITTOOP ITTEECHAN (*Kunnatnad*) : കാരണവനു സ്വത്തു എങ്ങിനെയുണ്ടാകും?

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): ഇല്ലത്തിലെ ആദായത്തിലെ മിച്ചം കൊണ്ടുണ്ടാക്കാം.

MR. R. RAMAN PILLAI (*Kottayam*): സജാതീയ വിവാഹംചെയ്യുന്നംപൂതിരിമാർ പ്രത്യേകം ഇല്ലമായിട്ടു നിൽക്കുമ്പോൾ അതു ഇല്ലത്തേയ്ക്കു അഭിവൃദ്ധിയല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

MR. R. KESAVA PILLAI (*Kottar [illegible] cum Kunnathur*): അങ്ങിനെ വരുമ്പോൾ അഭിവൃദ്ധിയായിട്ട തന്നെവരും.

MR. V. S. KRISHNA PILLAI (*Tiruvalla*): സജാതീയവിവാഹവും വിജാതീയ വിവാഹവും എന്ന [illegible] എനിക്ക് അതിൽ അതിശയിക്കാനില്ല. നായർ സമുദായത്തിനു് ആ ദുർലക്ഷണത്തെപ്പറ്റി വാദപ്രതിവാദം ചെയ്യേണ്ടിവന്നപ്പോൾ ഈ ഒരു ഘട്ടം വരികയും അതിൽ ഇതുപോലെയുള്ള ഒരു ദുർഘടസ്ഥാനം കടന്നു പോകുന്നതു് ഏതുപ്രകാരത്തിലാണെന്ന നല്ലതുപോലെ ആലോചിക്കയും ചെയ്തിരുന്നു. ആ ഘട്ടത്തെ നായർസമുദായം കടന്നുകൂടി ഇപ്പോൾ ആലോചിക്കുന്ന വിഷയത്തിൽ ചെയ്യുന്ന വ്യവസ്ഥ എടുത്തുപാർട്ടിയായിട്ടിരിക്കുന്നതു്. കക്ഷി ചേരാതെ നില്ക്കുന്നവരെപ്പറ്റി വേണ്ടപോലെ [illegible]യാലോചിച്ചു് ചെയ്തില്ലെങ്കിൽ അതു് ന്യായമായ ഒരു തീരുമാനമായിട്ടു് വരുമെന്നു തോന്നുന്നില്ല. സജാതീയവിവാഹംചെയ്ത വിധവയ്ക്കും കുട്ടികൾക്കും നായർ പക്കൽ പോകണമെന്നും മറെറ പക്ഷത്തിൽ നായർസ്ത്രീയുടെ സന്താനങ്ങൾക്കും പോകണമെന്നും വ്യവസ്ഥ ചെയ്യുന്നതിൽ വൈഷമ്യം നിമിത്തമുള്ളതായി ഇവിടെ തെളിഞ്ഞിട്ടുണ്ടു്. എന്നാൽ നമ്പൂതിരി സമുദായം നായർസമുദായത്തിൽനിന്നും ഒട്ടും താണതല്ലാത്ത മറെറനേകം സമുദായങ്ങളിൽനിന്നും വിവാഹം ചെയ്കയും അവരിലും ഇതുപോലെതന്നെ വിധവയും സന്താനങ്ങളും ശേഷിക്കയും ചെയ്യുന്നുണ്ടു്. അതിനാൽ അവരുടെ കാര്യംകൂടി ആലോചിക്കാതെ ഈ നമ്പൂതിരിബില്ലിലെ ഒരു വകുപ്പു് ഏതു പ്രകാരത്തിലെങ്കിലും നടക്കട്ടെ എന്നു വയ്ക്കുന്നതു് ഒരു കാലത്തും നല്ലതല്ല. ഇവിടെ ചില സ്നേഹിതന്മാർ പറഞ്ഞതു് മാറു ജാതിയിലുള്ള കുട്ടികൾക്കു സ്വത്തു കൊടുക്കാതിരിക്കുന്നു എന്നാണു്. അങ്ങിനെ ഒരു നിയമം രൂപീകരിക്കുന്ന അവസരത്തിൽ അവർക്കു് എന്തെല്ലാം അവകാശം സ്ഥാപിച്ചു കൊടുക്കാൻ സാധിക്കുമോ അവയെ വേണ്ടപോലെ പ്രയോജനപ്പെടുത്തി അവർക്കു് കിട്ടാനുള്ള അവകാശങ്ങൾ കൊടുക്കുതന്നെ വേണം. ലൗകീകം ചെയ്യുന്ന സംഗതി വേറെ. അതിനാൽ ഈ ഒരു വകുപ്പുകൂടി വയ്ക്കാതെ നമ്പൂതിരി സമുദായം ഇതേ രൂപത്തിൽ ഈ ബില്ലു പാസാക്കുന്നു എങ്കിൽ അതു് അവർക്കു ഒരിക്കലും അഭിമാനകരമാണെന്നു തോന്നുന്നില്ല. നായർസമുദായത്തിൽ ഈ വക വിഷമങ്ങളെപ്പറ്റി ആ സമുദായത്തിലെ അംഗങ്ങൾക്കു് ഏതു പ്രകാരത്തിൽ ധർമ്മസങ്കടം തോന്നിയിരുന്നുവോ അതുപോലെ ഉള്ള ധർമ്മസങ്കടം ഈ നമ്പൂതിരിസമുദായത്തോടു വിവാഹബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന മറെറ

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. S. Krishna Pillai]

സമുദായക്കാക്കും തോന്നുന്നുണ്ടെന്നാണു് എന്റെവിശ്വാസം. അവരുടെ വിശ്വാസത്തെ കേവലം അവഗണിച്ചു് ഈ ഭേദഗതിയെ അനുകൂലിക്കുന്നതിനു് എനിക്കു വളരെ മടി തോന്നുന്നുണ്ടു്. ഈ വകുപ്പിനു നിയമദൃഷ്ട്യാ ഏതെല്ലാം പ്രകാരത്തിൽ വിഷമമുണ്ടെന്നു എനിക്കു നല്ല നിശ്ചയമില്ലാത്തതുകൊണ്ടു് അതിനെപ്പറ്റി പറയുന്നില്ല. ഏതുപ്രകാരത്തിൽ വിഷമം കൂടാതെ സജാതീയവിവാഹത്തിലുള്ള വിധവയ്ക്കും കുട്ടികൾക്കും ഒരു ഭാഗം കൊടുക്കുമോ അതുപോലെ മറ്റേതു ജാതിയിൽപെട്ടവരായാലും ഒരു നംപൂതിരിയുടെ വിധവയെ സന്താനമൊ അതുണ്ടെങ്കിൽ ജാതിയും മതവും നോക്കാതെ അവർക്കും നേരുപകുതി കൊടുക്കേണ്ടതാണു്.

MR. A. THANU PILLAI (*Trivandrum*): ചില അവസരങ്ങളിൽ നായർ ഭാര്യയുടെ സ്വത്തിനു് നായർ അല്ലാത്ത ഭർത്താവു അവകാശിയാകുമെന്നു് അറിയാമോ?

MR. V. S. KRISHNA PILLAI (*Tiruvalla*): അങ്ങിനെ ആകും.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): നായർ റഗുലേഷനിലെ ഫസ്റ്റ്-മുതൽ ഫൈൻ-വരെ ക്ലാസ്സുകാർ കൊണ്ടു് എത്രമാത്രം ഇതിന്റെ വ്യാപ്തി കുറച്ചിട്ടുണ്ടെന്നു് അറിയാമൊ?

MR. V. S. KRISHNA PILLAI (*Tiruvalla*): അതു ഞാൻ വായിച്ചു നോക്കിപ്പറയാം. മറ്റു ജാതികളുടെ ഭാഗത്തെപ്പറ്റി ഞാൻ ഓർമ്മയിൽ വച്ചിട്ടില്ല. നായർ സമുദായത്തിൽപ്പെട്ട മക്കൾക്കും വിധവയ്ക്കും ഓഹരികിട്ടാൻ അവകാശമുണ്ടെന്നു ഞാൻ മനസ്സിലാക്കിവച്ചിട്ടുണ്ടു്. മറ്റു ഭാഗങ്ങൾക്കു് വരിയ ആവശ്യം വരാത്തതിനാൽ നോക്കിയിട്ടില്ല. അതിനുംകൂടി ഒരവസരം വന്നിരിക്കുന്നതു ഇപ്പോൾ മാത്രമാണു്. അതുകൊണ്ടാണു ഇതുയും പ്രസ്താവിച്ചതു്. ഞാൻ ഈ ഭേദഗതിയെ പ്രതികൂലിക്കുന്നു.

MR. A. THANU PILLAI (*Trivandrum*): മുന്നറിവു കൂടാതെ വളരെ പ്രധാനമായ ഒരു വിഷയം ഇപ്പോൾ ആലോചനക്കു വന്നിരിക്കുകയാണു്. അതുകൊണ്ടുവന്നിരിക്കുന്നവിധവും നിയമപ്രകാരം ശരിയാണെന്നു തോന്നുന്നില്ല. നായർസ്ത്രീയോ നംപൂതിരിസ്ത്രീയൊ അല്ലാത്ത ഒരു മലയാളബ്രാഹ്മണന്റെ ഭാര്യക്കു സ്വത്തവകാശം കിട്ടുന്നതിനു വേണ്ട വ്യവസ്ഥ നിയമത്തിൽ ഉണ്ടായിരിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി അല്പമെങ്കിലും വിരുദ്ധമായ അഭിപ്രായം എനിക്കുള്ളതായി ആരും തെറ്റിദ്ധരിക്കരുതെന്നു മാത്രമേ അപേക്ഷയുണ്ടു്. ഇതിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഒറ സംഗതി ചൂണ്ടിക്കാണിക്കണമെന്നുള്ള വിചാരം മാത്രമേ എനിക്കൊള്ളൂ. സിലക്ട് കമ്മിറ്റിയിൽ നിശ്ചയിച്ചപ്രകാരമുള്ളബില്ലനുസരിച്ചു നോക്കിയാൽ നായർ ഭാഗ്യക്കും സജാതീയഭാഗ്യക്കുമല്ലാതെ മറു ജാതിയിലുള്ള ഭാഗ്യക്കു യാതൊരവകാശവും ഇല്ല. അങ്ങിനെയാണു ഞാൻ ആ ക്ലാസ്സിനെ വ്യാഖ്യാനിക്കുന്നതു്. അതിനെ ബന്ധിക്കുന്ന ഒരു അമെൻറുമെൻറു മാത്രമാണു മിസ്റ്റർ ജാതവേദൻ നംപൂതിരിപ്പാട്ട് കൊണ്ടുവന്നിരിക്കുന്നതു്. അതായതു് ഒരാളിൻെറ പ്രത്യേകസ്വത്തിൽ ഒരംശം സജാതീയഭാഗ്യക്കും ഒരംശം ഇല്ലത്തേക്കും ചേരണമെന്നു മാത്രമാണു്. ആ സ്ഥിതിക്കു അമെൻറുമെൻറിനു തടസ്സമായി ഈ സംഗതി കൊണ്ടു വരുന്നതു ശരിയാണൊ എന്നു സംശയമാണു്. ഞാൻ മുൻപു പറഞ്ഞതുപോലെ എന്നെ മറുള്ളവർ തെറ്റിദ്ധരിക്കരുതെന്നു വീണ്ടുമഭ്യർത്ഥിക്കുന്നു. നായർഭാഗ്യയോ നംപൂതിരിഭാഗ്യയോ അല്ലാത്ത ഭാഗ്യക്കും മക്കൾക്കും അവകാശം കൊടുക്കേണ്ടതുണ്ടു്. ആ സ്ഥിതിക്കു ഈ അമെൻറുമെൻറു ശരിയല്ല എന്നുള്ളവാദം പിശകാണു്. ഈസംഗതിക്കു ശരിയായ ഒരു അമെൻറുമെൻറു ഈ ക്ലാസ്സിനുതന്നെ ഹാജരാക്കി വാദിച്ചു തീർച്ച ചെയ്യുകയാണു വേണ്ടതു്. അല്ലാതെ ഈ തടസ്സംകൊണ്ടുവന്നു—വേണ്ടുംവണ്ണം നില്ക്കാത്ത ഈ വാദംകൊണ്ടുവന്നു—വാദിക്കുന്നതുകൊണ്ടു ഫലമുണ്ടാകുകയില്ല.

MR. R. RAMAN PILLAI (*Kottayam*) : സജാതീയഭാഗ്യയും മക്കളും അല്ലെങ്കിൽ സ്വയാർജ്ജിതസ്വത്തു മുഴുവൻ അവക്കു കിട്ടേണ്ടതാണു് എന്നു കൂടി പറഞ്ഞാണു് ഈ ഭേദഗതിയെ പ്രതിക്ഷേപിച്ചതെന്നു് അറിയാമോ?

MR. A. THANU PILLAI (*Trivandrum*) : അറിയാം. ഞാൻ പറയുന്നതു് ഇതരവാദങ്ങളെ സംബന്ധിച്ചാണു്. അങ്ങിനെ വാദിക്കുന്നതുകൊണ്ടു ഫലമുണ്ടാകുമൊ എന്നു സംശയമാണു്.

MR A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): മറു ജാതിയിലുള്ള ഭാഗ്യക്കും കുട്ടികൾക്കും കിട്ടുകയില്ലയോ? നായർഭാഗ്യക്കും നംപൂതിരിഭാഗ്യക്കും മാത്രമേ കിട്ടുകയുള്ളൊ?

MR. A. THANU PILLAI (*Trivandrum*) : സിലക്ട് കമ്മിറ്റിയിൽനിന്നു ഹാജരാക്കിയിരിക്കുന്ന ബിൽപ്രകാരമാണെങ്കിൽ മറുള്ളവക്കു് കിട്ടുമെന്നതോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : വിഡൊ എന്നല്ലാതെ സജാതീയ വിഡ്ഡോ എന്നു പറഞ്ഞതിന്റെ ഉദ്ദേശം അതല്ലേ?

MR. A. THANU PILLAI (*Trivandrum*) : ഉദ്ദേശം അതായിരിക്കുമോ എന്നു സംശയമാണ്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): വാക്കുകൊണ്ടല്ലേ ഉദ്ദേശം അറിയുന്നത്?

MR. A. THANU PILLAI (*Trivandrum*) : വാക്കുകൊണ്ടുതന്നെ. എന്നാൽ അങ്ങിനെ ഉദ്ദേശിച്ചിട്ടുള്ളതായി ഇവിടെ കാണുന്നില്ല. സ്പഷ്ടമായികാണുന്ന വ്യാഖ്യാനത്തിൽ ഇതൊഴിച്ചാണു കാണുന്നത്.

MR. P. S. MAHOMED (*Nominated*): സ്പഷ്ടമായിട്ടു കാസ്റ്റ് വിഡ്ഡോ എന്നുമാത്രമേ പറയുന്നുള്ളൂ?

MR. A. THANU PILLAI (*Trivandrum*): ഏതായിരുന്നാലും മറ്റു ജാതിയിലുള്ള ഭാര്യക്കും സ്വത്തവകാശം കൊടുക്കണമെന്നു ഇതിൽ ഉദ്ദേശിച്ചിട്ടുണ്ടു് എന്നു പറയുന്നവരുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. അതു ഉദ്ദേശിച്ചിട്ടില്ലെന്നാണു് എനിക്കു തോന്നുന്നത്. അങ്ങിനെ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതു് സ്പഷ്ടമാക്കണം.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : അതു സ്പഷ്ടമായിട്ടില്ലെന്നാണൊമെംബറിന്റെ അഭിപ്രായം?

MR. A. THANU PILLAI (*Trivandrum*): അതെ. ഒന്നുകിൽ അതു സ്പഷ്ടമല്ല. സ്പഷ്ടമാണെങ്കിൽ ഞാൻ ഉദ്ദേശിക്കുന്ന അർത്ഥമാണുള്ളതു്. ആ അർത്ഥമില്ല എന്നു ഉദ്ദേശമുണ്ടെങ്കിൽ അതുസ്പഷ്ടമാക്കണമെന്നാണു് ഞാൻ പറയുന്നതു്. മകൾ എന്നും ഭാര്യ എന്നും പറയുന്നതിൽ നിയമപ്രകാരം ആരെയെല്ലാം ഉൾപ്പെടുത്താം, ഏതെല്ലാം തരത്തിലുള്ള വിവാഹത്തിലുൾപ്പെട്ട സ്ത്രീ ഭാര്യയാകും എന്നും മറ്റുമുള്ള വിവരണങ്ങളും മറ്റൊന്നും ക്കൂടാതെ ഇരിക്കുന്നസ്ഥിതിക്കു് എല്ലാം ഉൾപ്പെടുത്താമെന്നു ഊഹിച്ചാൽ അതു ഒരു വ്യാമോഹമായിട്ടു തീരും. കോടതിയിൽ പോകുന്നകാലത്തു ഇതൊന്നും ഉദ്ദേശിച്ചതായി കരുതുകയില്ല. അതുകൊണ്ടു് ഇതിനെപ്പറ്റി കാര്യമായി ആലോചിക്കണമെന്നുണ്ടെങ്കിൽ അതിനുശരിയായ ഒരു അമൻറുമെൻറു ഹാജരാക്കി വേണ്ട വ്യവസ്ഥകൂടി ചെയ്യണം.

MR. P. S. MAHOMED (*Nominated*) : കാസ്റ്റ് വിഡ്ഡോ എന്നുള്ളതിൽ 'കാസ്റ്റ്' എന്നുള്ളതിനെ എടുത്തുകളഞ്ഞാൽ മതിയാകുമൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. A. THANU PILLAI (*Trivandrum*): വിഡ്ഡോ ആരാണെന്ന വ്യവസ്ഥയില്ലാതെ ഇന്നാരെല്ലാം ഉൾപ്പെടുത്താമെന്ന വിചാരിച്ചാൽ അതും വ്യാമോഹമായിട്ടുവരും. ഒരു ശരിയായ ഭേദഗതി ഹാജരാക്കി വേണ്ടതായ വ്യവസ്ഥചെയ്യണം.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): മലയാളബ്രാഹ്മണക്കു ഇപ്പോഴത്തെ നിയമപ്രകാരം മറുജാതിയിൽ മക്കൾ ഉണ്ടായിക്കൂടാ എന്നാണോ പറയുന്നത്?

MR. A. THANU PILLAI (*Trivandrum*): മറുജാതിയിൽ മക്കൾ ഉണ്ടായിക്കൂടാ എന്ന ഞാൻ പറയുന്നില്ല. ഒരു നിയമത്തിനു അധീനമാകത്തക്ക ഭാര്യയും മക്കളും എന്ന കൂട്ടത്തിലായി വ്യവസ്ഥചെയ്യണം.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): അങ്ങിനെ ഒരു വ്യവസ്ഥചെയ്യാതിരിക്കുന്നകാലത്തോളം ഈ അമൻറുമെൻറിനെയും സെക്ഷനേയും കളയണമെന്നാണോ പറയുന്നത്?

MR. A. THANU PILLAI (*Trivandrum*): എന്ന ഞാൻ പറഞ്ഞതായിട്ടു മനസ്സിലാക്കിയതിൽ വ്യസനിക്കുന്നു. അങ്ങിനെ അർത്ഥമാക്കി എങ്കിൽ ഞാൻ ഒട്ടും ഉദ്ദേശിക്കാത്ത അർത്ഥമാണ് അതു്. അതിനു പ്രത്യേകം അമൻറുമെൻറു ഹാജരാക്കി അതിനെപ്പറ്റി ആലോചിച്ചു തീർച്ചചെയ്യേണ്ടതാണ്. ഇതിൽ ഇരിക്കുന്ന ക്ലാസിനെ തള്ളിക്കളയണമെന്ന അർത്ഥം വരത്തക്കതായി യാതൊന്നും പറഞ്ഞില്ല.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഇങ്ങിനെ ഒരു അമൻറുമെൻറു സെക്കൻറ് റീഡിംഗിൽ കൊണ്ടുവരുന്നതു ന്യായമാണെന്നു തോന്നുന്നുണ്ടോ? പൊതുജനങ്ങൾ ഇങ്ങനെ ഒരു സംഗതി ആലോചിക്കാൻ പോകുന്നു എന്നറിഞ്ഞിട്ടില്ല. ആ സ്ഥിതിക്കു സെക്കൻറ് റീഡിംഗിൽ ഈഭേദഗതികൊണ്ടുവരികശരിയാണോ?

MR. A. THANU PILLAI (*Trivandrum*): അതു പ്രസിഡൻറു അവർകൾ തീർച്ചയാക്കേണ്ടതാണ്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vaikil*): ഇപ്പോഴത്തെ നായർ റഗുലേഷൻപ്രകാരം നായർ ഭാര്യക്കും മക്കൾക്കും ഒരുപകാരം കിട്ടുമല്ലോ. പിന്നീടു് ഒരു നമ്പൂതിരിഭാര്യയും ഒരു വയ്യർ ഭാര്യയുംകൂടി ഉണ്ടായിരുന്നാൽ അവക്കു നാലിൽ ഒരുവീതമാണോ കിട്ടുന്നതു്?

MR. A. THANU PILLAI (*Trivandrum*): അതിനെപ്പറ്റി ആലോചിക്കണം എന്ന പറഞ്ഞാൽ അതിനു ഞാൻ തയ്യാറാണ്. അന്ന നായർ റഗുഷേൻ ആലോചനയിൽ ഇരുന്നപ്പോൾ എന്തെല്ലാം വൈഷമ്യങ്ങളു

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Thanu Pillai.]

ണ്ടായിരുന്നുവോ അതെല്ലാം ഒന്നുകൂടി ഉണ്ടായി എന്നുവരാം. എത്രയോ യുമാരുണ്ടായിരുന്നാലും അവക്കൊക്കെക്കൂടി പകുതി മതിയെന്നു വയ്ക്കണമെന്നു ഞാൻ പറയുന്നില്ല. അതിനെപ്പറ്റി ഗാഢമായിട്ട് ആലോചിക്കേണ്ടതാണ്. അതിനെപ്പറ്റി ആലോചിക്കുന്നതിൽ എനിക്കു യാതൊരുവിരോധവുമില്ല. എന്നാൽ അതിലേക്കു സാങ്കേതികമായ ചില തടസ്ഥങ്ങൾ ഉണ്ടെന്നാണ് എന്റെ അഭിപ്രായം.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അങ്ങിനെ ഒരു തടസ്സമുണ്ടെന്നു വിചാരിച്ചു ഡിപ്പ്യൂട്ടിപ്രസിഡൻറു അവർകൾ പറഞ്ഞതുപോലെ സെക്ഷനും അമെൻറുമെൻറും തള്ളിക്കളയുന്നതു ന്യായമായിരിക്കുമോ?

MR. A. THANU PILLAI (*Trivandrum*) : അതു സമുദായത്തിനു ദോഷമാണെങ്കിൽ ഒരുപ്രകാരത്തിലും സാധൂകരിക്കത്തക്കതല്ല. ഞാൻ ഇതു പറയുന്നതുകൊണ്ട് എഴുതുകയാണെന്നു തെറ്റിദ്ധരിക്കരുതെന്ന് അപേക്ഷിക്കുന്നു. ഈ ക്ലാസ് ഇതുപോലെ മറ്റു ജാതിക്കാരെ ഗണിക്കാതെ പാസ്സാക്കിയിട്ടു, മറ്റു ജാതിയിലുള്ള ഭാര്യമാരുടേയും കുട്ടികളുടേയും അവകാശത്തെ സംബന്ധിച്ചു ഈ സമുദായാംഗങ്ങളെ ബന്ധിക്കത്തക്കവണ്ണം ഒരു നിയമം കൊണ്ടുവന്നു ഈ ക്ലാസും നായർ റഗുലേഷനിലെ സെക്ഷനുമായി വേണ്ടവിധം ആലോചിച്ച് അപ്പോഴം വേണ്ടതു ചെയ്തുകൊള്ളാമെന്നുവയ്ക്കുന്നു എങ്കിൽ നമ്പൂതിരിബിൽ വേഗം പാസാക്കാൻ സാധിക്കും. മി: എ. ജി. മേനവൻ പറഞ്ഞതുപോലെ ക്ഷത്രിയബിൽ വരുമ്പോഴം ഈ സെക്ഷനും നായർ റഗുലേഷനിലെ സെക്ഷനുംകൂടി ആലോചിച്ച് ഉത്തമമായ ഒരു വ്യവസ്ഥ ചെയ്യുന്നതായിരിക്കും നല്ലതു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : തല്ക്കാലം ഈ സെക്ഷൻ പാസാക്കുകയെന്നാണോ പറയുന്നതു്? അതായതു് പകുതി നായർ ഭാര്യക്കും മക്കൾക്കും പോകുന്നതു കഴിച്ച് ബാക്കി ഇല്ലത്തിൽ പോകണൊ; അതല്ല സ്വജാതീയ ഭാര്യക്കും മക്കൾക്കും തന്നെ പോകണൊ എന്നുള്ളതു് തീർച്ചചെയ്യുകയാണോ വേണ്ടതു്?

MR. A. THANU PILLAI (*Trivandrum*) : അതായിരിക്കും ഉത്തമമായ മാർഗ്ഗം.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*) : രണ്ടു നിയമത്താൽ സ്ഥിരപ്പെടുത്തിയിട്ടുള്ള അവകാശത്തെ പി

LIBRARY ARCHIVES Kerala Legislative Assembly

ന്നിട്ട് ഒരവസരത്തിൽ മാററിക്കളയുകയെന്നുള്ളതു് വളരെ പ്രയാസമാണെന്നു ഓർക്കുന്നുണ്ടോ?

MR. A. THANU PILLAI (*Trivandrum*): അതു പ്രയാസമാണു് എന്നു് എനിക്കറിയാം. എന്നാൽ വല്ലകാരണവശാലും ഭേദപ്പെടുത്തേണ്ടതായിട്ടുവന്നാൽ ഏതൊരു നിയമവും ആ ആവശ്യത്തിനു അധീനമായിട്ടുതന്നെ ഇരിക്കണം.

MR. R. RAMAN PILLAI (*Kottayam*): മുന്നറിവില്ലാതെ കഴിഞ്ഞ ദിവസം ചില ഭേഗതികൾ കൊണ്ടുവരികയും അതിനെ കൌൺസിൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടു്. അതുപോലെ ഈ സെക്ഷനെ കളഞ്ഞിട്ടു് അത്യാവശ്യം ഒഴിച്ചുകൂടാത്ത ഒരു ഭേഗതിയോടുകൂടി പാസാക്കിയാൽ പോരാ എന്നുണ്ടോ?

MR. A. THANU PILLAI (*Trivandrum*): അങ്ങിനെ ചെയ്യാൻപാടില്ലാത്ത വിധത്തിൽ തടസ്സങ്ങൾ ഉണ്ടെന്നു് എനിക്കു തോന്നുന്നില്ല.

MR. R. RAMAN PILLAI (*Kottayam*): അവകാശം ഒരാളിനു് സ്ഥിരപ്പെടുത്തി കൊടുത്തിട്ടു് പിന്നീടു ഭേദപ്പെടുത്തണമെന്നു് പറയുന്നതു് ആനയുടെ വായിൽ കരിമ്പുകൊടുത്തിട്ടു് തിരിയെ എടുക്കുന്നതുപോലെ വിഷമമായിരിക്കയില്ലേ?

MR. A. THANU PILLAI (*Trivandrum*): ഇതു് ഇന്നു് മറുള്ള ജാതിക്കാർക്കുമില്ലാത്ത ഒരു അവകാശമാണു്. അതുപോലെ മറെറാരു സമുദായത്തിനു് ഉള്ളതുമായ ഒരവകാശമാണു്. അതിനെ ഒന്നു് അങ്ങോട്ടും ഇങ്ങോട്ടുംഭേദപ്പെടുത്തുന്നു എന്നേയുള്ളൂ. അതായതു് ഇന്നു് സ്വത്തു ഇല്ലെത്തിൽ ചേരുന്നു എന്നാണെങ്കിൽ അതു ഭാര്യക്കും മക്കൾക്കും അമ്മക്കും എന്നൊരു വ്യവസ്ഥ ചെയ്യുന്നു എന്നേയൊള്ളൂ. അതിനെ ഭേദപ്പെടുത്താൻ സാധിക്കാത്ത ഒരു കാര്യമാണെന്നു് എനിക്കു തോന്നുന്നില്ല. ഈ നംപൂതിരിബില്ലിനെപ്പററി കുറേക്കൂടി ആലോചിച്ചു ചെയ്താൽ മതി എന്നുണ്ടെങ്കിൽ അങ്ങിനെചെയ്യാം. ഈ അമെൻറുമെൻറു കൊണ്ടുവരുമ്പോൾ ഈ സംഗതിക്കൂടി ചെലുത്തിക്കളയാം എന്നു വിചാരിക്കുന്നതു ശരിയല്ല. അതിലേക്കു ഒരു അമെൻറുമെൻറു കൊണ്ടുവരുന്നപക്ഷം അതിനെപ്പററി ആലോചിച്ചു ചെയ്യേണ്ടതാണു്.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): മി: ജാതവേദൻ നംപൂരിപ്പാടിന്റെ ഭേഗതിയെ ഞാൻ അനുകൂലിക്കുന്നില്ല. എന്റെ സ്വയാർജ്ജിതമായ സ്വത്തു് എന്റെ ഭാര്യക്കും കുട്ടികൾക്കും കിട്ടണമെന്നുള്ളതാണു് എന്റെ അഭിപ്രായം. പിന്നെ ഇതോടുകൂടി സംബ

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiripad.]

സ്ഥിക്കുന്നതിനു യാതൊരാവശ്യവുമില്ലാത്തതായ ഒരു അഭിപ്രായം കൂടി ഇവിടെ വാദവിഷയമായി വന്നിട്ടുണ്ട്. ആദ്യം നംപൂതിരിബിൽ കൌൺസിലിൽ അവതരിപ്പിച്ച കാലത്തു് ഈ വകുപ്പിനെപ്പറ്റി പറഞ്ഞിരുന്നതു് എന്തെന്നാൽ ഒരാളിന്റെ സ്വയാർജ്ജിതസ്വത്തു മുഴുവനും അയാളുടെ ഭാര്യക്കും കുട്ടികൾക്കും വരുന്നുഎന്നാണു്. ഈ വിഷയം സിലക്ട് കമ്മിറ്റിയിൽ വന്നപ്പോൾ ഒരു വാദമുണ്ടായി. ആവാദം, അങ്ങിനെ മുഴുവനും പാടില്ല, ഭാര്യയും കുട്ടികളും എന്നുള്ളതു് വ്യക്തമാക്കണം, നായർറഗുലേഷനിൽ ൬ ഫ-ാം വകുപ്പനുസരിച്ചു് ഒരു അവകാശം കിട്ടിയിട്ടുണ്ടു്, അതിനെക്കുടി സമ്മതിച്ചല്ലാതെകണ്ടു് നിവർത്തിയില്ലെന്നു അവിടെ പറയുകയും ആ നിയമം നിലവിലിരിക്കുന്നിടത്തോളം അതിനു് കീഴ്പ്പെടുകയല്ലാതെ നിവൃത്തിയില്ലെന്നു വരികയും ചെയ്തു. ഇങ്ങിനെ ആ വകുപ്പിനു ഞങ്ങൾ കീഴടങ്ങി. ഇനി വരാൻപോകുന്ന സംഗതികൾക്കുകുടി ഒരു ഫണ്ടു് മാറ്റിവച്ചിട്ടുവേണം ഈ ബിൽ പാസാക്കേണ്ടതു്. എന്നു പറയുന്നതു് ധർമ്മമല്ല. ഭാര്യയ്ക്കും മക്കൾക്കും ചിലവിനു കൊടുക്കാൻപാടില്ലെന്നു പറയുന്നില്ല. ഏതെല്ലാം സമുദായങ്ങളിൽ വിവാഹം ചെയ്തിട്ടുണ്ടൊ ആ സമുദായങ്ങളിലുള്ള ഭാര്യക്കും മക്കൾക്കും വേണ്ടിടത്തോളം ചിലവിനു കൊടുക്കണം. സംരക്ഷണചെയ്യണമെന്നതന്നെയാണു് പറയുന്നതു്. അതു് ഈ അവസരത്തിൽ വേണമെന്നു അപേക്ഷിക്കുന്നതു ശരിയല്ല. ഉണ്ണുമ്പോൾ ചോദിച്ചാലെ ഉരുള കിട്ടുകയൊള്ളു എന്നു പറയുന്നതുപോലെ ഞങ്ങൾ ഈ നിയമം എളുപ്പത്തിൽ പാസാക്കികിട്ടാൻ ആഗ്രഹിക്കയാണു്.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ച ആൾ ആരാണെന്നു് അറിയാമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): മി: കേശവൻ നംപൂതിരിപ്പാടാണു്.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ഈ സഭയിലല്ല, അതിനുമുമ്പു് അവതരിപ്പിച്ചതാരാണു്?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): അതു് ഞാനാണു.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): അന്നു് ഈ ഭാഗം ഓർമ്മയുണ്ടായിരുന്നു എങ്കിൽ ഒഴിക്കാൻപാടില്ലായിരുന്നോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): അന്നു് ആവശ്യക്കാർ ഇല്ലാതിരുന്നു. ആവശ്യക്കാരുണ്ടായിരുന്നു എങ്കിൽ അതു് ചേർക്കുമായി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. നായർ റഗുലേഷനെ സംബന്ധിച്ചിടത്തോളം അതിലെ ഒരു വകുപ്പു ഞങ്ങളെ തടഞ്ഞതുകൊണ്ടാണു് ആ ഭാഗത്തിനു കീഴടങ്ങിയതു്. ഇനി ഒരു നിയമം വരുന്നുണ്ടു്; അതിനും ഞങ്ങൾ എതാനും ചിലതു മാറിവയ്ക്കണമെന്നു പറയുന്നതു് വലിയ സങ്കടമാണു്. ആ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): നായർറഗുലേഷനിലെ ഫ-ാമത്തെ വകുപ്പിനു് നിങ്ങൾ കീഴടങ്ങി എന്നുപറഞ്ഞു. അതിനു കീഴടങ്ങിയതു് എന്തിനാണു്?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഒരു നിയമംനിലവിലിരിക്കുമ്പോൾ അതിനോടു് യോജിച്ചല്ലാതെ മറെറാന്നു പാസാക്കാൻ നിവൃത്തിയില്ല എന്നുള്ളതുകൊണ്ടാണു്.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ഈ നായർ റഗുലേഷനിൽതന്നെ ഇപ്പോഴത്തെ ഫ-ാമ വകുപ്പു് ഉണ്ടാക്കാനുള്ള കാരണമെന്തെന്നു് അറിയാമോ?

MR. C. N. TUPPAN NAMPUTIRIPAD ((*Co-opted*): നായർ റഗുലേഷൻ നംപൂതിരി റഗുലേഷനുമുമ്പു് പാസായ ഒരു നിയമമാണു്. അതിൽ ഇന്നതുചെയ്യണമെന്നു് ക്ലിപ്തപ്പെടുത്തിയിട്ടുണ്ടു്. ഒരു വിജാതീയ ഭർത്താവു് ഇന്നതു ചെയ്യണമെന്നു് ആ നിയമത്തിൽ ഉണ്ടു്. അതിനനുസരണമായ ഒരു ഭേദഗതി ചെയ്യാതിരുന്നാൽ കോടതിക്കു വിധിക്കാൻ നിവത്തിയില്ല.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ചോദ്യം അതല്ല. നായർറഗുലേഷൻ ഉണ്ടായ കാലത്തു വിജാതീയന്മാർ ഭർത്താക്കന്മാരിൽ പലരും ഈ വകുപ്പിനെ സംബന്ധിച്ചു് നാടു് ഒട്ടുക്കു പ്രതിഷേധം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. അതിൽ ഒരു നംപൂതിരിമെമ്പർതന്നെയും ഉണ്ടായിരുന്നു. അന്നു് വിജാതീയ ഭർത്താക്കന്മാരിൽ ഉൾപ്പെട്ട എല്ലാ മെമ്പറന്മാരും ആ വകുപ്പിനു കീഴടങ്ങിയതു് എന്തു കാരണത്താലാണെന്നു് അറിയാമോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): അതു് എനിക്കറിഞ്ഞുകൂടാ.

MR. R. KESAVA PILLAI (*Kottarakara* cum *Kumattur*): ഈ ബിൽ ഉദ്ദേശിത്തിൽ വന്നശേഷം വിജാതീയ വിവാഹം ചെയ്യുവർക്കു ചിലവിനുകൊടുക്കാൻ വല്ല വ്യവസ്ഥയുമുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): അതു നായർ റഗുലേഷനിൽ വ്യവസ്ഥയുണ്ടല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): മേലാൽ വി ജാതീയവിവാഹം ചെയ്യുന്നപക്ഷം അവക്ക് ചിലവിനുകൊടുക്കുന്നതു സമ്മതമാണോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): അതു് ഓരോ സമുദായത്തെപ്പറ്റിയും വരുന്ന അവസരത്തിൽ ആലോചിച്ചാൽ മതിയല്ലോ. ഓരോ സമുദായത്തിലേയും ബിൽ വരുമ്പോൾ അവക്കനുകൂലമായ ഭാഗം മുഴുവനും ഉൾപ്പെടുത്തിക്കൊള്ളട്ടെ.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഏതെല്ലാം സമുദായത്തിൽനിന്നുമാണു് നമ്പൂതിരിമാർ വിവാഹം ചെയ്യുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): അതുനിശ്ചയമില്ല.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): നമ്പൂതിരിമാർ വിവാഹത്തിനു് അംഗീകരിച്ചിട്ടുള്ള സമുദായം ഏതെല്ലാമാണെന്ന അറിവിൽ പെട്ടിടത്തോളം പറയാമൊ?

PRESIDENT. What is the use of that question? Why should you waste time?

MR. A. C. KURIAKOSE (*Minachil* cum *Devicolam*): സജാതീയവിവാഹം ചെയ്യാതേയും നായർ ഭാര്യ ഇല്ലാതേയും മറു ജാതിയിൽനിന്നും വിവാഹം ചെയ്യുന്ന ഒരു നമ്പൂതിരിയുടെ സ്വയാർജ്ജിതസ്വത്തു് ആക്ക് ചേരണമെന്നാണു് ഈ വകുപ്പുകൊണ്ടു് വരുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): അതു് കുടുംബത്തിൽ ചേരണമെന്നാണു് ഈ വകുപ്പുകൊണ്ടു വിശദമാകുന്നതു്. വേറെ ഒരു വിജാതീയവിവാഹത്തിൽ വല്ലതും ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതു് അവിടെ പോകും.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): നായർ റഗുലേഷൻപ്രകാരം പകുതി നായർ ഭാര്യക്കു് പോകണമെന്നുണ്ടു്. ശേഷം പകുതി സജാതീയഭാര്യക്കു് പോകണമെന്നാണു് ഇപ്പോൾ പാസാക്കുന്നതു്. അതു് രണ്ടും കഴിച്ചാൽ മിച്ചം ഒന്നും മറുള്ളവർക്കില്ലല്ലോ. അപ്പോൾ ഇവക്കു രണ്ടുപേർക്കും കിട്ടിയിട്ടുള്ള ഓഹരിയിൽനിന്നും കുറെ എടുത്തു മറുള്ളവർക്കും കൊടുക്കണമെന്നാണോ ഉദ്ദേശം?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ആയിരംരൂപാ ഒരാൾക്കു കിട്ടാനുണ്ടു്. അതിലധികം കടവുമുണ്ടു്. അയാൾ പാപ്പരായിട്ടു തീരുന്നു. ആ സന്ദർഭത്തിൽ മുമ്പെ കിട്ടുന്നവൻ എടുത്തു കൊള്ളുക എന്നുമാത്രമേയൊള്ളു. മുമ്പേ നായർ റഗുലേഷൻ വന്നതുകൊണ്ടു് അ

LIBRARY ARCHIVES Kerala Legislative Assembly

വക്ക് കൊടുത്തു് മറ്റുള്ളവക്ക് പാപ്പരടിച്ചു പോയിഎന്നു വിചാരിക്കാനേ തരമുള്ളൂ. മുമ്പേനിയമം ആതണ്ടാക്കിയൊ അവക്കാണ് ഇപ്പോൾ ഇരിക്കുന്നതു്.

MR. P. S. MAHOMED (*Nominated*): ആദ്യം നായർ റഗുലേഷൻ ഉണ്ടാക്കി അവർ പകുതികൊണ്ടുപോയി എന്നു പറയുന്നതുപോലെ രണ്ടാമതു നമ്പൂതിരിറഗുലേഷൻപാസാക്കി ബാക്കി അവരും കൊണ്ടുപോയി ഇനി ആക്കും കൊടുക്കയില്ല എന്നു പറയുകയാണൊ ചെയ്യുന്നതു്?

PRESIDENT: Before I put the amendment to the vote of the House, I would just say a word, because in the course of the discussion I intervened and made one or two remarks. I merely wanted the House to remember that, when the Nayar Regulation was before this Council the Council did not think of giving one wife preference over the other. At that time there were only two sets of wives and children as it were in existence, and the decision of the House was that the property should be given equally to both these sets. If, at any time, as Mr. Thanu Pillai very reasonably stated, we find that there comes a third or a fourth set also, it will then be the duty of the Council to see that a proper division of the property is made. Whatever division might have been made in the past it will be necessary to readjust the property so that it might be given equally to all those entitled to it. At present the position to be kept in mind is this. In the Nayar Regulation, if you read Section 21 carefully, you would find that one-half would go to the Nayar widow and children and the other half to those who, under the law of the community to which the husband belongs, would take his self-acquired property. That is the position, in law, that we have at present. Now, under the law governing the Namputiri community, the other persons entitled to the property are either the Illom or the wife and children in the caste. As regards that the Namputiri Bill tries to make some slight modifications so that it might be made clear. As it is, there is some conflict of rulings as to whether the property should go to the Illom or to the caste wife children. To make it clear whether it should go to the caste wife and children alone. or to the Illom alone, or to the Illom and to the caste wife and children in shares, Mr. Jathavedan Namputiripad has brought in his amendmnet That is the only object that the mover of the amendment seems to have in view. And that is the only object, it seems to me, that can now be legitimately taken up by the House. As Mr. Thanu Pillai himself pointed out, there is no want of jurisdiction for this Council to take up any question that it thinks necessary to be taken up and disposed of. But, technically, the only position that this House can now take up is either to turn down that proposition—the consequences of which would be that the position that the community holds in law now would remain as it is or to allow the community to make the change in their own field, that they now want to make. But that question

LIBRARY ARCHIVES Kerala Legislative Assembly

[President.]

does not in any way affect the particular amendment that I am now going to put before the House. If the amendment goes and if the Section stands, it merely makes a slight difference in the adjustment between the family on the one hand and the caste wife and children on the other.

I shall now put the amendment to the vote of the House.

MR. A. THANU PILLAI (*Trivandrum*): There are other amendments, Sir.

PRESIDENT: This is a case of substitution, Mr. Thanu Pillai. The amendment of Mr. Jathavedan Namputiripad wants the Clause itself to be deleted and a new Clause substituted. It is that alone that I am now putting to vote, *i. e.*, Clause (2) of the printed amendment. It is Clause (2) alone that has been moved.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Do we go Clause by Clause, or is it the amendment as a whole that is now being put to vote?

PRESIDENT: It is only one Clause that has been moved. The first Cause in his amendment has been withdrawn by him. The second alone has been moved. I have split up his amendment, Mr. Krishna Aiyangar. I started the discussion by saying that I would take it Clause by Clause or at least in groups. So far as the first Clause is concerned, as I said, he has withdrawn it.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): "On the death of ...."

PRESIDENT: Are you reading the printed amendment?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): No, the typed one.

"On the death of a Malayala Brahmin male leaving him surviving widow, or widows, children or both, one half of his self-acquired and separate property left undisposed of shall devolve on his widows, sons and unmarried daughters in equal shares.

That is one portion.

PRESIDENT: The whole of it is one Clause.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): And then,

" In the absence of these heirs, such one-half shall devolve on his father, mother, brother father's brother, each class of heir excluding all the succeeding classes; if, of the other half any residue is left, after satisfying the claims enforceable under Section 21 of the Nayar Regulation, II of 1100, such balance shall devolve on his Illom.

"*Explanation*:—Widow, son and daughter in this Section mean a widow, son and daughter of the Malayala Brahmin caste".

PRESIDENT: The whole of it is one Clause. I thought you were referring to the several Clauses of the *printed* list of amendments.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): Before putting the amendment to the vote of the House

LIBRARY ARCHIVES Kerala Legislative Assembly

may I request you, Sir, to give me permission to move an amendment drafted on the same principle, so that that also may be considered by the House before the question is decided upon one way or the other. If the amendment now under consideration is put to vote and thrown out, probably, I cannot move my amendment.

PRESIDENT: Which is your amendment?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): With your permission I am prepared to present it.

PRESIDENT: You may put it in.

(Mr. L. R. Raja Raja Varma Koil Tampuran handed over his amendment* to the President.)

PRESIDENT: This amendment has been discussed and so I am putting it to the vote of the House. I shall consider your request later, Mr. Tampuran.

The amendment in the terms that were read out by the Law Member a while ago and by Mr. Krishna Aiyangar just now, that is the amendment before the House.

The amendment was put to voto and lost.

PRESIDENT: Mr. Thanu Pillai, you have got an amendment to Clause 14.

MR. A. THANU PILLAI (*Trivandrum*): I beg to move that the words '*daughters and caste widow*' may be inserted between '*sons*' and '*they*' and that the words *in the absence.....equal shares*' may be deleted. That is, so far as the main Clause is concerned. As for the proviso, I move that the following be substituted for the existing proviso:

"Provided that if a son or daughter shall have predeceased the intestate, the lineal descendants of such son or daughter shall take the share which such son or daughter would have taken had he or she survived the intestate."

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): May I request the member to read the Clause as amended?

MR. A. THANU PILLAI (*Trivandrum*):

"On the death of a Malayala Brahmin male leaving him surviving sons and daughters and caste widow, they shall, subject to the provisions of Section 21 of the Nayar Regulation, II of 1100, take the whole of his self-acquired and seperate property left undisposed of at his death in equal shares."

The other portion has been deleted. And then this is the proviso that I would suggest:

"Provided that if a son or daughter shall have predeceased the intestate, the lineal descendants of such son or daughter shall take the share which such son or daughter would have taken had he or she survived the intestate."

---

*The amendment was as follows:—

"Delete the words 'caste' in line 7 of the Clause and add an 'explanation' as follows:

Explanation. 'Sons, daughters, and widow' shall include sons, daughters and widow or widows of a Namputiri in any caste with whom marital relations are permitted by custom and practice and existed before the death of the Malayala Brahmin above referred to."

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Thanu Pillai.]

നായർറഗുലേഷനിലെ ൨൧-ാം വകുപ്പിലെ വ്യവസ്ഥയ്ക്കുപ്പെട്ട് ഒരുമലയാളബ്രാഹ്മണൻ മരിക്കുമ്പോൾ അയാളുടെസ്വത്തു് ആൺമക്കൾ, പെൺമക്കൾ, സജാതീയ ഭാര്യ ഇവർ ഉണ്ടായിരുന്നാൽ തുല്യമായി വീതിച്ചു എടുത്തുകൊള്ളണം; ഇതിൽ മകനോ മകളോ മുൻകൂട്ടി മരിച്ചിരുന്നാൽ അ മകന്റെയോ മകളുടെയോ സന്താനങ്ങൾക്കു ആ വീതം കിട്ടുന്നതാണു്.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): May I know whether the member has any objection to add the word 'unmarried' before the word 'daughter'?

MR. A. THANU PILLAI (*Trivandrum*): അതിനെപ്പറ്റിഞാൻപറയാം. ഇപ്പോൾ ചോദിച്ചതു് വിവാഹം ചെയ്യാത്ത പെൺമക്കൾ എന്നു ചേർക്കുന്നതിൽ വിരോധമുണ്ടോ എന്നാണു്. ഞാൻ അമൻഡുമെന്റയച്ചതു് ആദ്യത്തെ ബില്ലും സിലക്ട് കമ്മിറ്റിറിപ്പോർട്ടും നോക്കീട്ടാണു്. ഇതെന്തായാലും സമുദായത്തിലെ അഭിപ്രായത്തിൽനിന്നു് ഭിന്നമല്ലാത്തതെന്നാണെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. സിലക്ട് കമ്മിറ്റിയുടെഅഭിപ്രായം ഒരാളിന്റെ സ്വയാർജ്ജിതസ്വത്തു ആദ്യം ആൺമക്കൾക്കും, ആൺമക്കൾ ഇല്ലാതെ വന്നാൽ വിധവയ്ക്കും പെൺമക്കൾക്കും—വിവാഹം ചെയ്യാത്ത പെൺമക്കൾ എന്നു പറയുന്നില്ല—കിട്ടണമെന്നാണു്. ബിൽ പ്രയോക്താവിന്റെ അഭിപ്രായം വിവാഹം കഴിക്കാത്ത പെൺമക്കൾ എന്നു ചേർക്കണമെന്നാണു്. എന്നാൽ ഈ വ്യത്യാസംകൂടാതെ എല്ലാവർക്കും കൊടുക്കുന്നതു് സ്വാഭാവികനീതിക്കനുയോജിച്ചതാണല്ലോ എന്നുവിചാരിച്ചാണു് ഞാൻ ഈ ഭേദഗതി ഹാജരാക്കുന്നതു്. അതു സമുദായത്തിലെ അംഗങ്ങൾക്കു് ഇഷ്ടമില്ലെന്നു പറയുന്നപക്ഷം പിൻവലിക്കാൻ തയ്യാറാണു്. ഇത്രയും പറഞ്ഞു ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നു.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): മക്കൾ എന്നു പറയുന്നതു് സജാതീയ ഭാര്യയിൽ ഉണ്ടായ മക്കളാണു്. "Sons and daughters by the caste wife and caste widow" എന്നാണു് സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽ കാണുന്നതു്.

MR. A. THANU PILLAI (*Trivandrum*): സെലക്ട് കമ്മിറ്റിയിൽതന്നെ ഉണ്ടായിരുന്ന ലാമെമ്പർ പറഞ്ഞതും സജാതീയ ഭാര്യയും മക്കളും എന്ന ഉദ്ദേശമാണെന്നാണു് ഞാൻ ധരിച്ചതു്. സെലക്ട് കമ്മിറ്റിറിപ്പോർട്ടും ബില്ലും ഞാൻ വായിച്ചു നോക്കിയതിൽ എനിക്കു തോന്നിയതും അങ്ങനെയാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : കാസ്റ്റ് വിഡോ എന്ന് പറഞ്ഞിട്ടുണ്ടോ?

MR. A. THANU PILLAI (*Trivandrum*): ഞാൻ വായിച്ചു നോക്കിയതിൽ എനിക്ക് അങ്ങനെയാണ് തോന്നുന്നത്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) . Caste widow എന്നു പറയുമ്പോൾ ഒരു സംശയം ജനിക്കുകയില്ലയോ?

MR. A. THANU PILLAI (*Trivandrum*) : എനിക്കു അ സംശയം ജനിച്ചിട്ടില്ല. പിന്നെ സെലക്ട് കമ്മിറ്റിയുടെ ഉദ്ദേശം ഇന്നതാണ് എന്ന് ലാ മെമ്പർ പറയുകയും ചെയ്തു.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽ "widow" എന്നുള്ള പദത്തോടുകൂടി "caste" കൂടി ചേർത്താൽ ആ കമ്മറ്റിയുടെ ഉദ്ദേശം എന്തായിരിക്കും എന്ന് സ്പഷ്ടമാകുന്നില്ലയോ?

MR. A. THANU PILLAI (*Trivandrum*) : വിവാഹം ചെയ്തപെൺമക്കൾ എന്നും വിവാഹം ചെയ്യാത്ത പെൺമക്കൾ എന്നും പറഞ്ഞാൽ സജാതീയപെൺമക്കൾ എന്നേ വിചാരിക്കാനുള്ളൂ. ബില്ലിലും അതുമാത്രമേ ഉദ്ദേശിച്ചിട്ടുള്ളൂ എന്നാണ് ഞാൻ അർത്ഥമാക്കുന്നത്.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): "Sons and daughters by the caste wife and caste-widow" എന്ന് മിസ്റ്റർ താണുപിള്ളയുടെ ഭേദഗതിയിൽ ചേർക്കാൻ തയാറുണ്ടോ?

MR. A. THANU PILLAI (*Trivandrum*) : അതു കൊണ്ടു അർത്ഥം പൂർണ്ണമാകുമെങ്കിൽ ചേർക്കാം. ഉദ്ദേശിച്ചിരിക്കുന്നതു ഇപ്രകാരമാണെന്ന് കാണുന്നസ്ഥിതിക്ക് അതു സപ്ലിമെന്റ് ചെയ്യാൻ ഞാൻ തയാറാണ്.

MR. V. CHELLAM PILLAI (*Tovala*) : "Caste widow" എന്നു ഇട്ടിരിക്കുന്നതിൽ 'Caste' എടുക്കുന്നതു സമ്മതമാണോ?

MR. A. THANU PILLAI (*Trivandrum*) : എന്റെ സമ്മതം ചോദിച്ചാൽ ഞാൻ എന്താണു പറയുക.

PRESIDENT: What is your object, Mr. Chellam Pillai ? What is it that you want? What will happen if that word is taken away?

MR. V. CHELLAM PILLAI (*Tovala*): അപ്പോൾ എല്ലാ ജാതിയിലുള്ള വിധവമാക്കും അവകാശം കിട്ടും. അതു സമ്മതമുണ്ടോ?

MR. A. THANU PILLAI (*Trivandrum*): "Subject to the provisions of Section 21 of the Nayar Regulation" എന്നു കൂടി ഉള്ളതുകൊണ്ട് ഈ അർത്ഥമേ കിട്ടാൻ അവകാശമുള്ളൂ. അതായതു് കാസ്റ്റ് വിഡോ സൺ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Thanu Pillai.]

സ്, ഡാട്ടേർസ് എന്നൊക്കെവരും. എന്റെ ഉത്തരം കൊണ്ട് മറ്റു സമുദായത്തിലെ അംഗങ്ങളാം എന്നെ തെറ്റിദ്ധരിക്കരുതെന്നൊരു അപേക്ഷയുണ്ട്. മറ്റു സമുദായക്കാർക്കുകൂടി അവകാശം കിട്ടണമെന്നു എന്നെക്കാൾ ആഗ്രഹിക്കുന്നവരായി മറ്റാരും കാണുകയില്ല എന്നാണ് എനിക്കു തോന്നുന്നതു്. സാങ്കേതികമായ തടസ്ഥങ്ങളെപ്പറ്റിയാണ് ഞാൻ ഇവിടെ പറയുന്നതു്.

PRESIDENT: Certainly, they must have intended, as Mr. Thanu Pillai said, *caste* sons and *caste* daughters.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): If th at was intended?

PRESIDENT: Why not make it clear?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): I would suggest "*sons and daughters by the caste wife, and caste widow*" you have to avoid a controversy in a court of law.

PRESIDENT: Mr. Thanu Pillai, as Mr. Krishna Aiyangar suggested, in order to make the position clear, if, instead of "*sons and daughters*" simply you say caste widows and "*sons and daughters by the caste wives*" that would be better.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): I may point out that the Clause, even as reported by the Select Committee is ambiguous. The ambiguity is there, in the Clause itself. If you permit me, Sir, I can move a formal amendment.

PRESIDENT: That is why I said that, if Mr. Thanu Pillai would change his amendment as suggested just now and if the amendment is then carried, the Clause itself would get amended.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Yes, automatically.

MR. A. THANU PILLAI (*Trivandrum*): I would like to have it done by the Law Member.

MR. L. R. RAJ RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഞാൻ തന്നിട്ടുള്ള അമെൻഡുമെൻറു "caste" എന്നുള്ളതു് എടുത്തുകളയണമെന്നാണ്. എന്നാൽ മിസ്റ്റർ താണുപിള്ളയുടെ അമെൻഡുമെൻറു് പാസായിക്കഴിഞ്ഞാൽ എനിക്കു് ഇതു് അവതരിപ്പിക്കുന്നതിനു അവകാശമില്ലാതെ ആയിപ്പോകും. അതുകൊണ്ട് എന്റെ അമെൻഡുമെൻറുകൂടി വാദപ്രതിവാദം നടത്തിയശേഷം വേണം "caste widow" എന്നുള്ളപദം ചേർക്കാൻ. അല്ലെങ്കിൽ അമെൻഡുമെൻറു ഇപ്പോൾ ഇരിക്കുന്നതുപോലെ ഇരിക്കാൻ അനുവദിക്കണം.

PRESIDENT: Has Mr. Thanu Pillai's amendment been soconded?

MR. A. G. MENON (*Parur*): I second that amendment.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT : In the proceedings of the Council, during these three days, there has been technically—it cannot be denied—some irregularity. That, as I told the House when the discussion on this Bill started, is due to the fact that amendments are being proposed, or put before the House, by a co-opted member who cannot for certain reasons, be expected to put his amendments in proper legal form. What has happened really is that the whole House, as it were, has gone into a committee to consider this Bill. As a consequence, I have allowed amendments to be moved, discussed and even passed which, strictly under the Rules, I should have disallowed to be brought in. But, we should not, on that account, ignore the difference between amendments which, though technically out of order, do not attempt to take the Bill completely out of its original scope and amendments which *may have* that effect. Mr. Tampuran's present amendment appears to be one of the latter class. In this Bill there is no provision regulating or defining marriage that takes place in the Namputiri community. But Mr. Tampurans' amendment seeks indirectly to introduce a provision which would affect the incidence of marriages in the community. Such a provision, I should say, *must be considered to be absolutely outside the scope of the Bill.* Mr. Thampuran, I regret that the amendment which you have put into my hands, cannot having regard to the scope of the Bill, be allowed to be introduced at this stage.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): മി: താണുപിള്ള ഇവിടെ അവതരിപ്പിച്ച ഭേദഗതിയിൽ ഒരു ഭാഗം മാത്രം ഞാൻ എതിർക്കുന്നു. മി: താണുപിള്ളയുടെ ഭേദഗതിപ്രകാരം മരണശാസനം ചെയ്യാത്ത ഒരു നംപൂതിരിയുടെ പ്രത്യേക സ്വത്തിന് അയാളുടെ ഭാര്യക്കും സന്താനങ്ങൾക്കും അവകാശം സിദ്ധിക്കുന്നുണ്ട്. എന്നാൽ ഇപ്പോഴത്തെ നിയമപ്രകാരം ഒരു സ്ത്രീ വിവാഹം കഴിച്ച് മറ്റൊരു ഇല്ലത്തിലേക്കു പോകുന്ന അവസരത്തിൽ അവൾക്ക് സ്വന്തം കുടുംബത്തിലെ സ്വത്തിന്മേലുള്ള അവകാശം നശിച്ചു പോകുന്നു. മി: താണുപിള്ളയുടെ ഭേദഗതിയനുസരിച്ച് അങ്ങിനെയുള്ള ഒരു സ്ത്രീക്കും കൂടികാഴ്ക്കും സ്വന്തം കുടുംബത്തിലെ അവകാശം സിദ്ധിക്കുന്നതാണ്. അതു് ഇപ്പോഴത്തെ നിയമത്തിന് വിപരീതമാകയാൽ ഞാൻ അതിനെ പ്രതിഷേധിക്കുന്നു. "വിവാഹം ചെയ്ത പുത്രി" എന്നതിന് പകരം "അവിവാഹിതയായ പുത്രി" എന്നാക്കുന്നതാണ് കുറെകൂടി യോജിച്ചതു് എന്നാണ് എന്റെ അഭിപ്രായം.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : വിവാഹം കഴിച്ച സ്ത്രീകൾക്ക് സ്വന്തം കുടുംബത്തിലെ സ്വത്തിന് അവകാശമുണ്ട് എന്നു വരികയാണെങ്കിൽ അതിനേപ്പറ്റി അനേകം കുടുംബങ്ങളിൽ തർക്കം ഉണ്ടായി വ്യവഹാരം വർദ്ധിക്കും എന്ന് മെമ്പർക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): വഖ്വി ച്ചേക്കാം.

MR. REVATI NAL RAMA VARMA RAJA (*Edavagai*): മി: എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ ഇവിടെ ഒരു അമൻഡുമെന്റു ഹാജരാക്കി എന്നു പറയുന്നതുകേട്ടു. അതു് എന്താണെന്നറിയാൻ ഞങ്ങൾക്കു ഇതുവരെ സൌകര്യം കിട്ടിയില്ല. അതു രൂളിനു് വിപരീതമല്ലെങ്കിൽ വായിച്ചുകേട്ടാൽ കൊള്ളാം.

PRESIDENT: I have ruled it out. If you want I shall show it to you for your information.

MR. TAMARAPALLIL KOCHUTOMMAN (*Paitanamtitta*): ഇപ്പോഴത്തെ ഭേദഗതിയനുസരിച്ചു് വിവാഹം കഴിഞ്ഞ ഒരു സ്ത്രീക്കു് അവളുടെ ഭർത്താവിന്റെ സ്വത്തിൽ പകുതിയും അച്ഛന്റെ സ്വത്തിൽ ഒരു ഭാഗവും കിട്ടുന്നതാണു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അങ്ങനെമക്കൾ ഉണ്ടായിരുന്നാലും ഇതുതന്നെയാണല്ലൊ ഫലം. അച്ഛന്റെ സ്വത്തും കിട്ടും ഭാര്യ കൊണ്ടുവരുന്ന സ്വത്തും കിട്ടും.

PRESIDENT: എങ്ങനെയായാലും average ശരിയായിക്കൊള്ളും.

MR. A. THANU PILLAI (*Trivandrum*): നംപൂതിരി മെമ്പർമാരുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): മി: താണുപിള്ള അവതരിപ്പിച്ചനിലയിൽ ആ ഭേദഗതി സ്വീകരിക്കാൻ എനിക്കു നിവൃത്തിയില്ല. അവിവാഹിതയായ കന്യക എന്നു ചേർക്കുന്നതിൽ വിരോധമുണ്ടോ എന്നു് ചോദ്യിച്ചതിൽ വിവാഹം ചെയ്ത സ്ത്രീകൾക്കും സ്വത്തവകാശം കൊടുക്കണം എന്നാണു് മറുപടി. വിവാഹം കൊണ്ടു് സ്വന്തം കുടുംബത്തിലെ അവകാശം മുഴുവനും നശിച്ചുപോവെന്നിരിക്കെ അച്ഛന്റെ സ്വത്തിനു് അവകാശം കൊടുക്കുന്നതു് വലിയകുഴപ്പത്തിനു് ഇടവരുന്നതാണു്.

MR. A. THANU PILLAI (*Trivandrum*): മിസ്റ്റർ നംപൂതിരിപ്പാടു് സിലക്ട്കമ്മിറ്റിയുടെ പ്രൊവൈസോ വായിച്ചിട്ടുണ്ടോ? മകൻ മുൻകൂട്ടിമരിച്ചിരുന്നാൽ സന്താനങ്ങൾക്കു കിട്ടണമെന്നാണു് അതിൽ പറയുന്നതു്. "Descendants" എന്നുള്ളതിൽ പെൺമക്കളുംകൂടി ഉൾപ്പെട്ടുമല്ലോ?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ഈ ബില്ലിൽ പലഭാഗത്തും Daughters എന്നു പറഞ്ഞിട്ടുള്ളതിനു് "Unmarried daughters"

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള ഭേദഗതിവരുത്തണമെന്നു ഞാൻ ഉദ്ദേശിക്കുന്നുണ്ട്. അതുകൊണ്ട് ഇവിടേയും "Unmarried daughters" എന്നാണ് ചേർക്കേണ്ടതു്.

MR. ITTOOP ITTEECHAN (*Kunnatnad*): അവിവാഹിതകളായ സ്ത്രീകൾക്കു സ്വത്തവകാശം കിട്ടിയാൽ വിവാഹം ചെയ്യാതിരിക്കുമില്ലയോ?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): വിവാഹം ചെയ്യാതെഇരിക്കുമ്പോൾ സ്വത്തുകിട്ടിയാൽ അതനുസരിച്ച് വിവാഹം ചെയ്തുകൊള്ളും.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അച്ഛൻ മരിക്കുന്നതുവരെയും വിവാഹം കഴിക്കാതെ ഇരിക്കുമോ?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): അങ്ങിനെ അർത്ഥമില്ല. ആ നിലക്കു് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

MR. V. CHELLAM PILLAI (*Tovala*): ഒരു നംപൂതിരി മരിക്കുമ്പോൾ അയാൾക്കു വിവാഹംകഴിയാത്ത കന്യകയുണ്ടെന്നു വിചാരിക്കുക. അയാൾ മരിച്ചു് ഒരുകൊല്ലം കഴിയുമ്പോൾ ആ കന്യകയെ വിവാഹം ചെയ്തുകൊടുക്കുന്നു. അപ്പോൾ ആസ്ത്രീക്കു ഭാഗത്തിനു ആവശ്യപ്പെടുകയും ചെയ്യാം. ആ സ്ഥിതിക്കു് വ്യവഹാരം വളർക്കുകയല്ലേ ചെയ്യുന്നതു്?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): അതുകൊണ്ടു് "unmarried" എന്നു ചേർക്കുകയാണു് എങ്കിൽ ഞാൻ അമെൻഡുമെൻറു സ്വീകരിക്കാൻ തയ്യാറാണു്.

MR. A. THANU PILLAI (*Trivandrum*): ഈ മാറ്റത്തിനു വല്ലകാരണവുമുണ്ടെങ്കിൽ നംപൂതിരി മെംബറൊ ലാമെംബറൊ പറഞ്ഞാൽ കൊള്ളാം.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): മറെറാരു കുടുംബത്തിലെ അംഗമായി തീർന്നിട്ടുള്ള ഒരു സ്ത്രീക്കു് സ്വത്തു് കിട്ടുന്നതിനു് അവകാശം ഉണ്ടാക്കിത്തീർക്കുന്നതു് നല്ലതല്ല എന്നുള്ള വിചാരം മാത്രമാണു്.

MR. A. THANU PILLAI (*Trivandrum*): മി: ചെല്ലംപിള്ള സൂചിപ്പിച്ചതുപോലെ unmarried daughters-നു സ്വത്തവകാശം ഉണ്ടെന്നു വയ്ക്കുമ്പോൾ അവർ അച്ഛന്റെ മരണശേഷം വിവാഹിതകളായിട്ടു തീരുന്നു. ആ സ്ഥിതിക്കു മുമ്പേ വിവാഹം ചെയ്തിട്ടുള്ള സ്ത്രീകൾക്കും കൊടുക്കുന്നതിൽ എന്താണു് വിരോധം?

PRESIDENT: Technically; that is all; but not equitably. Is there any equitable reason or is it only a technical reason?

LIBRARY ARCHIVES Kerala Legislative Assembly

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*) : My intention is to avoid unnecessary controversy.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): പുത്രന്മാരില്ലെങ്കിൽ അവിവാഹിതകളായ പുത്രിമാക്കും കിട്ടുമോ?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*) ; കിട്ടും.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): പുത്രന്മാരില്ലെങ്കിൽ വിവാഹിതകളായ പുത്രിമാക്കും കൊടുക്കാമല്ലോ?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ഞാൻ അതിനെ അനുകൂലിക്കുന്നില്ല.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഇപ്പോഴത്തെ വകുപ്പിൽ അങ്ങനെയാണ്.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ആ വകുപ്പിനെയാണ് "unmarried" എന്നു ഭേദഗതിചെയ്യണമെന്നു ഞാൻ വിചാരിക്കുന്നത്.

MR. A. THANU PILLAI (*Trivandrum*) : ആ അമെൻഡുമെൻറിന് നോട്ടീസ് ഇല്ലല്ലോ?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): നോട്ടീസില്ലാതെ ഏതുസമയത്തും പ്രയോഗത്തിന് അമെൻഡുമെൻറ കൊണ്ടുവരാം.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): വിവാഹം കഴിയാത്ത പുത്രിമാക്കു മാത്രമേ അച്ഛന്റെ സ്വത്തിന് അവകാശം ഉണ്ടാകയുള്ളു. വിവാഹം കഴിച്ചുകൊടുത്താൽ ആ സ്ത്രീ ഏതു കുടുംബത്തിൽ പോകുന്നുവോ അവിടെ അവകാശം ഉണ്ടാവുകയും ചെയ്യും.

MR. A. THANU PILLAI (*Trivandrum*): വിവാഹം കഴിയാത്ത പെൺമക്കൾക്കും ആൺമക്കൾക്കും വീതിക്കുന്നതിൽ വിരോധമുണ്ടോ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): തുല്യമായിട്ടു വീതിക്കാം.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): ഇപ്പോഴത്തെ നിയമപ്രകാരം വിവാഹം ചെയ്യുപെൺമക്കൾക്ക് സ്വത്തവകാശം ഇല്ലെന്ന് അറിയാമോ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): സ്വത്തവകാശമില്ലായിരിക്കാം.

MR. A. THANU PILLAI (*Trivandrum*): അച്ഛന്റെ സ്വത്തിന് അവകാശം പെൺമക്കൾക്കുകൂടി കൊടുക്കാമെന്നു സമ്മതിക്കുന്ന സ്ഥിതിക്കു വിവാഹംകൊണ്ട് എന്തുതടസ്ഥമാണ് വരുന്നതു?

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അന്യകുടുംബത്തിൽ പോയതുകൊണ്ടായിരിക്കാം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): സമുദായത്തിലെ അംഗങ്ങൾക്ക് അങ്ങനെ അഭിപ്രായമാണെങ്കിൽ നമുക്ക് അതു് സ്വീകരിക്കുന്നതുകൊണ്ട് എന്താണ് വിരോധം?

MR. A. THANU PILLAI (*Trivandrum*): എനിക്കുവിരോധമില്ല.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): "Daughters" എന്നടിക്കിലൊക്കെ "unmarried daughters" എന്നാക്കണമെന്നാണ് എന്റെ അഭിപ്രായം.

MR. A. THANU PILLAI (*Trivandrum*): ആദ്യം ആൺമക്കൾക്കു കിട്ടണമെന്നും ആൺമക്കൾ ഇല്ലെങ്കിൽ വിധവയ്ക്കും "unmarried daughters" നും കിട്ടണം എന്നും അതാണോ പറയുന്നതു്?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): അതെ.

MR. A. THANU PILLAI (*Trivandrum*): ആൺമക്കൾ ഉള്ളപ്പോൾവിധവക്കുംകൂടി ഒരംശംകൊടുക്കുകയില്ല എന്നു പറയുന്നതു് വലിയകഷ്ടമല്ലേ? മിതാക്ഷരപ്രകാരമുള്ള ന്യൂനതകൾ ഈ ബില്ലിലും കൂടിയേതീരുവോ എന്നു് മിസ്റ്റർ കേശവൻ നമ്പൂതിരിപ്പാട് ആലോചിച്ചുനോക്കിയാൽ കൊള്ളാം.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): വിവാഹം ചെയ്തിട്ടുള്ളവക്കും ചെയ്യാത്തവക്കും കൊടുക്കണമെന്നുള്ള അഭിപ്രായത്തിനു് വിരോധമില്ല.

MR. A. THANU PILLAI (*Trivandrum*): ആൺമക്കളും പെൺമക്കളും വിധവയും ഉണ്ടു്. അവക്കെല്ലാവക്കും തുല്യമായിട്ടു് വീതിച്ചുകൊടുക്കുന്നതു് സമ്മതമാണോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): എല്ലാവക്കും വീതിച്ചുകൊടുക്കുന്നതു് സമ്മതമാണു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഒരു മകനും ഒരു മകളും വിധവയും ഉണ്ടെങ്കിൽ മൂന്നുപേക്കും ഒന്നുപോലെ കൊടുക്കുന്നതു് സമ്മതമാണോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): സമ്മതമാണു്.

PRESIDENT: മി: ജാതവേദൻ നമ്പൂതിരിപ്പാടിന്റെ അഭിപ്രായമെന്താണു്?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): ഭാര്യക്കും പുരുഷസന്താനങ്ങൾക്കും വിവാഹം കഴിയാത്ത പെൺമക്കൾക്കും ഒരുപോലെ കൊടുക്കണമെന്നാണു് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT. How is that worded in the amendment?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : There is no amendment yet. Mr. Kesavan Namputiripad wants to make an amendment by which both sons and unmarried daughters would share equally. He wants to make such an amendment although he has not given notice of it.

MR. A. THANU PILLAI (*Trivandrum*) : I do not see any reason why the provision should be varied and there should be a distinction between married and unmarried daughters. But Mr. Kesavan Namputiripad seems to think that there should be a discrimination. There was such a discrimination in the original Bill as introduced in the Council, but the Select Committee removed it.

PRESIDENT : If the community is prepared to say daughters and sons should share equally there seems to be very little reason why unmarried daughters should be preferred to married daughters. But it is for them to consider whether the view that sons and daughters should share together and equally is a position that the community will accept freely. Mr. Kesavan Namputiripad, I believe your position is also the same.

MR. K. N. KESAVAN NAMPUTIRIPAD (*Jennies*) : I consulted my friend Mr. Tuppan Namputiripad and now I beg to withdraw my opposition to the amendment of Mr. Thanu Pillai.

MR. N. K. KRISHNA PILLAI (*Neyyattinkara*) : വിവാഹം ചെയ്ത മക്കൾക്കും വിവാഹം ചെയ്യാത്ത മക്കൾക്കും തുല്യമായിട്ട് കൊടുക്കാം എന്നാണോ പറയുന്നത്?

MR. K. N. KESAVAN NAMPUTIRIPAD (*Jennies*) : അതെ.

PRESIDENT : Does any member wish to speak on the amendment? (No one stood up to speak.)

PRESIDENT : Mr. Paramesvaran Pillai, will you please read out Mr. Thanu Pillai's amendment?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : The Clause as amended by Mr. Thanu Pillai will read as follows :

"On the death of a Malayala Brahmin male leaving him surviving caste widows and sons and daughters by caste wives, they shall, subject to the provisions of Section 21 of of the Nayar Regulation, II of 1100, take the whole of the self-acquired and separate properties left undisposed of by him at his death in equal shares:

Provided that if a son or daughter shall have predeceased the intestate, the lineal descendants of such son or daughter shall take the share which such son or daughter would have taken had he or she survived the intestate."

PRESIDENT : That is the amendment now before the House.

The amendment was put to the vote, and carried, 27 voting for and none against.

PRESIDENT : The question is that Clause 14 and proviso as amended do stand part of the Bill?

The motion was carried and the Clause was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 15.

PRESIDENT: There are no amendments to Clause 15.

Mr. Paramesvaran Pillai, will you please see whether in view of the amendments to Clause 14, Clause 15 stands in need of any amendment?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): No amendment is necessary to Clause 15.

PRESIDENT: The question is that Clause 15 do stand part of the Bill?

The question was carried and the Clause was added to the Bill.

Clause 16.

PRESIDENT: We shall now pass on to Clause 16.

MR. A. THANU PILLAI (*Trivandrum*): Consistently with.....

MR. KAYALAM PARAMSVARAN PILLAI (*Additional Head Sirkar Vakil*): Before that is moved Mr. Jathavedan Namputiripad has got an amendment to this Clause.

PRESIDENT: മിസ്റ്റർ ജാതവേതൻ നംപൂതിരിപ്പാട്, നിങ്ങളുടെ അമെൻറുമെൻറിൽ ഒന്നാമത്തെ ഭാഗം പിൻവലിക്കയും രണ്ടാമത്തെ ഭാഗം വാദപ്രതിവാദം നടത്തുകയും ചെയ്തുകഴിഞ്ഞു. ഇനി മുന്നാം നാലും ഭാഗങ്ങളെപ്പറ്റിപറയാം.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): ഞാൻ താഴെ പറയുന്ന ഭേദഗതിയെ അവതരിപ്പിക്കുന്നു.

"(൪) ഭർത്താവോ, സന്താനങ്ങളോ, രണ്ടുകൂട്ടരുമോ ജീവിച്ചിരിക്കുന്നപക്ഷം, ഒരു മലയാളബ്രാഹ്മണസ്ത്രീ മരിക്കുന്നതായാൽ, അവളുടെ സ്വയാർജ്ജിതവും, പ്രത്യേകവുമായ സ്വത്തിൽ പകുതി ഓഹരി ഭർത്താവിന്റെ ഇല്ലത്തേക്കും, പകുതി അവളുടെ ഭർത്താവിനും, പുത്രന്മാക്കും, വിവാഹംചെയ്യാത്ത പുത്രിമാക്കും സമവീതം ലഭിക്കുന്നതാകുന്നു."

മുൻ വിവരിച്ച അവകാശികൾ ആരും ഇല്ലെങ്കിൽ ആ സ്വത്തുക്കൾ മുഴുവനും ഭർത്താവിന്റെ ഇല്ലത്തേക്കു ലയിക്കുന്നതാണു."

PRESIDENT: Does Part 4 of the amendment contain any matter which is provided for in Clause 17?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): It is slightly different.

PRESIDENT: Does anybody second that amendment?

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): I second it.

MR. A. THANU PILLAI (*Trivandrum*): I wish to suggest that part (4) be considered separately, because it relates to unmarried females.

PRESIDENT: Is there any provision regarding it in the Bill as it stands?

MR. A. THANU PILLAI (*Trivandrum*): None. Part 4 must be taken separately as a new Clause. It relates to a matter which the Select Committee has not provided for but which has to be provided for.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: Will it come under Clause 17?

MR. A. THANU PILLAI (*Trivandrum*): No. It will be seen that Clause 17 of the Bill as revised by the Select Committee also relates to married females, because it is stated definitely that a portion of the property is to go to her *husband's* Illom. Part (4) relates to a new matter that has to be considered separately.

PRESIDENT: Part (3) of the amendment may be taken up separately as relating to Clause 16 of the Bill.

The portion of the amendment therefore which is now before the House is that covered by Part (3) of the printed amendment.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): I wished to second only part (4)

PRESIDENT: But you seconded parts (3) and (4) together.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): I never thought that these parts would be considered separately. I am not seconding the third part.

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): I second the third part.

MR. A. THANU PILLAI (*Trivandrum*): ഞാൻ ഈ ഭേദഗതിയെ എതുക്കുന്നു. ഒരു പുരുഷൻ സമ്പാദിച്ച സ്വത്തു് അയാളുടെ ഇല്ലത്തേക്കു പോവുകയില്ല എന്നു നിശ്ചയിച്ചിരിക്കുന്ന സ്ഥിതിക്കു ഒരു വിവാഹിതയായ സ്ത്രീയുടെ സ്വത്തിൽപ്രകൃതി ഭർത്താവിന്റെ ഇല്ലത്തേക്കു ചേരണമെന്നു പറയുന്നതു് ഒട്ടുംശരിയല്ല. ആ ഒരു കാരണംകൊണ്ടുതന്നെ ഇതിനെ സ്വീകരിക്കാവുന്നതല്ല. സിലക്ട് കമ്മിറ്റി റിപ്പോർട്ടിലുള്ളതു്:—

Succession to the intestate of females.

16 (1). On the death of a Malayala Brahmin female leaving her surviving sons and daughters they shall take the whole of the self-acquired and separate properties left undisposed by her at her death in equal shares :

provided that if a son shall have predeceased the intestate the lineal descendants of such son shall take the same which such son would have taken had he survived the intestate.

(2) In the absence of children the properties referred to in sub-section (1) shall be taken by the husband

എന്നാണു്. അടുത്ത ക്ലാസ്സിൽ ഭർത്താവില്ല എന്നു വരികിൽ ഭർത്താവിന്റെ ഇല്ലത്തിലേക്കു ചേരണം എന്നും ഉണ്ടു്. ഭർത്താവിന്റെ സ്വത്തു് ഭാര്യയ്ക്കു കിട്ടുന്നതുപോലെയല്ല ഭാര്യയുടെ സ്വത്തു് ഭർത്താവിനു കിട്ടുന്നതു്.

PRESIDENT: What is it that you suggest therefore?

MR. A. THANU PILLAI (*Trivandrum*): അതിനെപ്പറ്റി ഞാൻ ഹാജരാക്കുന്നപ്രൊവൈസോവിൽ പറയുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

"Provided that if a son or daughter shall have predeceased the intestate, the lineal descendants of such son or daughter shall take the share which such son or daughter would have taken had he or she survived the intestate."

ഇങ്ങനെയാണ് ഫ ർ–ാമത്തെ ക്ലാസിൽ സ്വീകരിച്ചിരിക്കുന്നത്.

PRESIDENT: പതിനാലാമത്തെ വകുപ്പ് വന്നപ്പോൾ ഒരാളിന്റെ സ്വത്തു് ആൺ മക്കൾക്കും പെൺമക്കൾക്കും ഒരുപോലെ കൊടുക്കണമെന്നു സമ്മതിച്ചു. ആ സ്ഥിതിക്ക് ഒരു അന്തർജ്ജനത്തിന്റെ സമ്പാദ്യമായാലും ഒരുപോലെ കൊടുക്കേണ്ടതാണ്. ആ തത്വം സ്വീകരിക്കുന്നപക്ഷം മിസ്റ്റർ ജാതവേദൻ നംപൂതിരിപ്പാടിന്റെ അമെൻഡുമെൻറ് ആവശ്യമില്ലാത്തതാണ്. പുരുഷന്റെ സമ്പാദ്യം പെൺമക്കൾക്കും അവകാശപ്പെടുമെങ്കിൽ സ്ത്രീയുടെ സമ്പാദ്യം പെൺമക്കൾക്ക എന്തുകൊണ്ടു കൊടുക്കാൻ പാടില്ല? അതുകൊണ്ട് ഈ ഭേദഗതി ആവശ്യമില്ല എന്നാണ് തോന്നുന്നത്.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): മുമ്പിലത്തെ വകുപ്പ് അനുസരിച്ചതന്നെ ഇതും വേണം എന്നുള്ളതിനാൽ ഞാൻ എന്റെ ഭേദഗതിയെ പിൻവലിക്കുന്നു.

MR. A. THANU PILLAI (*Trivandrum*): എനിക്ക് ഒരു ഭേദഗതിയുണ്ട്.

PRESIDENT: Of course, Mr. Thanu Pillai's amendment is still there and we will come to that. But the amendment which Mr. Jathavedan Namputiripad has put forward, he is prepared to withdraw.

Does the House allow that amendment to be withdrawn?

The amendment was, by leave, withdrawn.

MR. A. THANU PILLAI (*Trivandrum*): എന്റെ ഭേദഗതിയെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. ഫന്ത-ാമത്തെ വകുപ്പിലേക്കുള്ള പ്രൊവൈസോ താഴെ പറയുന്ന പ്രകാരം ചേർക്കണം:—

"Provided that if a son or daughter shall have predeceased the intestate, the lineal descendants of such son or daughter shall take the share which such son or daughter would have taken had he or she survived the intestate"

സെലക്ട് കമ്മിറ്റി ചേർത്തിട്ടുള്ള പ്രൊവൈസോവിനു പകരം ഇതു ചേർക്കണം.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): I second it.

MR. K. N. KESAVAN NAMPUTIRIPAD (*Jeemies*): I accept that amendment.

PRESIDENT: That amendment merely makes the proviso correspond to the proviso to Clause 14 which the House has already accepted.

MR. A. G. MENON (*Paru*): My amendment is the same as Mr. Thanu Pillai's amendment.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT : Does the House pass that amendment?

The amendment was passed.

PRESIDENT : The amendments having been disposed of, the question is that Clause 16 part (1) with the proviso as amended and part (2) do stand part of the Bill?

The question was carried and the Clause and the proviso as amended were added to the Bill.

Clause 17.

PRESIDENT : The House will pass on to Clause 17. There are no amendments to this Clause.

The question is that Clause 17 do stand part of the Bill.

The motion was carried and the Clause was added to the Bill.

New Clause.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : "വിവാഹം കഴിയാത്ത ഒരു മലയാള ബ്രാഹ്മണസ്ത്രീ മരിക്കുന്നതായാൽ അവളുടെ സ്വയാർജ്ജിതവും പ്രത്യേകവുമായ സ്വത്തിൽ ഒന്നു പകുതി അവളുടെ ഇല്ലത്തേക്കും ബാക്കി പകുതി അവളുടെ മാതാപിതാക്കന്മാർക്കും സമവീതമായി ഒതുങ്ങുന്നതാണ്.

മാതാപിതാക്കന്മാരില്ലെങ്കിൽ ആ ഓഹരി അവളുടെ സഹോദരന്മാർക്കും അവിവാഹിതരായ സഹോദരിമാർക്കും സമമായി ലഭിക്കുന്നതും ഇവർ ആരും തന്നെ ഇല്ലാതിരുന്നാൽ ആ സ്വത്തു മുഴുവനും അവളുടെ ഇല്ലത്തേക്കു ലയിക്കുന്നതും ആകുന്നു."

ഈ ഭേദഗതിയെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

PRESIDENT : "അവിവാഹിത" എന്ന പദം വേണ്ട എന്നു സ്പീക്കരിച്ചതുകൊണ്ട് ആ പദം എടുത്തുകളയാം.

Please read it in English, Mr. Parameswaran Pillai.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : It runs thus:

"On the death of an unmarried Malayala Brahmin female, one-half of her self-acquired and separate property shall devolve on her Illom and the other half on her parents in equal shares.

"In the absence of her parents, that share shall devolve on her brothers and unmarried sisters in equal shares and in their absence the whole of such property shall devolve on her Illom."

MR. A THANU PILLAI (*Trivandrum*) : വേറെ ഒരു സംഗതിക്കൂടി ആലോചിക്കാനുണ്ട്. വിവാഹം ചെയ്യാത്ത ഒരു സ്ത്രീയുടെ സ്വത്തു് അച്ഛനോ അമ്മയ്ക്കോ അല്ലെങ്കിൽ സഹോദരനോ മുഴുവൻപോകേണ്ടതും അവർ ആരും ഇല്ലെങ്കിൽ ഇല്ലത്തേക്കു പോകേണ്ടതും എന്നാക്കിയാൽ ഇപ്പോൾ ചെയ്ത വ്യവസ്ഥയ്ക്കു യോജിച്ചിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : മിസ്റ്റർ താണാപി' ള്ളയുടെ അഭിപ്രായത്തോട് ഞാനും യോജിക്കുന്നു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : Then it will be this :

"On the death of an unmarried Malayala Brahmin female, the whole of her self acquired and separate property shall devolve on her parents. In the absence of her parents it shall devolve on her brothers and sisters in equal shares ; and in their absence it shall devolve on her Illom."

MR. R. KESAVA PILLAI (*Kottarakara cum Kunnattur*) : I second it.

PRESIDENT : You may remember that in the Bill as it stood, there is no provision at all of such a case.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*) : I accept the amendment.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : ഞാനും അനുകൂലിക്കുന്നു.

PRESIDENT : Please read the amendment once again, Mr. Paramesvaran Pillai.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : "On the death of an unmarried Malayala Brahmin female, the whole of her self-acquired and separate property"

PRESIDENT : You may also add "left undisposed of".

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : "Left undisposed of, shall devolve on her parents. In the absence of her parents, it shall devolve on her brothers and sisters in equal shares ; and in their absence, it shall devolve on her Illom."

The amendment was put and carried.

The question that the new Clause do stand part of the Bill was then put and carried.

PRESIDENT : This Session of the Council closes.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*) : I pray that this meeting may be extended for a few minutes. We are prepared to withdraw almost all the amendments.

PRESIDENT : But you say "almost" ; if you said "all" it would have been all right. Again there is sub-clause (2) of Clause (2), which is still held in reserve ; it has not been passed yet. I do not propose to extend the time. I do not think it will be helpful. This Session of the Council closes and the Council will stand prorogued.

The Council was prorogued at 5-5 P. M.

P. N. KRISHNA PILLAI,
Secretary to the Legislative Council.

LIBRARY ARCHIVES Kerala Legislative Assembly